# കുട്ടിപ്പട്ടം

ഡിജിറ്റൽ മാഗസിൻ 2018-19



little KITEs

മുസ്ലിം ഗേൾസ്
ഹയർ സെക്കന്ററി സ്കൂൾ
ഈരാറ്റുപേട്ട

# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ  അറിവിന്റെ വാതായനം തുറക്കുന്നതിനു വേണ്ടി ഐസിറ്റി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനും ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമാണ് ലിറ്റിൽ കൈറ്റസ് നിലവിൽ വന്നത്. തുടർന്ന് മുസ്ലീം ഗേൾസ് ഹയർ സെക്കൻററി സ്കൂളിലെ കൈറ്റസിന്റെ കഠിനപ്രയത്നഫലമായി കുട്ടിപട്ടം എന്ന ഡിജിറ്റൽ മാഗസിന് പിറവിയെടുക്കുകയും ചെയ്തു . ഇതിന് നേതൃത്വം നൽകിയ അദ്ധ്യാപകരായ Sri. Sherif K S, Smt. Leena M P Sri. Javad P N കൈറ്റ് ലീഡറുമാരായ Beema Sakeer, Jesmi Jabbar എന്നിവർക്കും ഈ അവസരത്തിൽ എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ  കൈറ്റ്സ് യൂണിറ്റിലെ കുട്ടികൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം.

Smt. Sreedevi V N
Headmistress

## കൈറ്റ് നേതൃത്വം

KITE MASTER : Sri. Sherif K S

KITE MISTRESS : Smt. Leena M P

KITE LEADERS : Kumari. Jesmi Jaabbar

: Kumari. Beema Sakkeer

## Editorial Board

CHIEF EDITOR : Kumari. Sumin Fathima

SUB EDITORS : Kumari. Ansiya K K




: Kumari. Muhmina Salim

: Kumari. Hiba Fathima

: Kumari. Devika Prakash

# ഉള്ളടക്കം


| | | |
|---|---|---|
| പിന്നിട്ട വഴികളിലൂടെ | – | 2 |
| മലയാള ഭാഷ മരിക്കുന്നുവോ? | – | 6 |
| വസന്തം മരിക്കുന്നുവോ? | – | 8 |
| ആത്മവിശ്വാസം | – | 9 |
| മാറുന്ന മലയാളി, മറക്കുന്ന വായന | – | 10 |
| വചനം ഇത് തിരുവചനം | – | 13 |
| വിദ്യാലയം | – | 13 |
| കുഞ്ഞനിയൻ | – | 14 |
| വിദ്യായലയ സ്മരണകൾ | – | 16 |
| അമ്മ | – | 17 |
| ഓർമ്മകളുടെ പൂക്കാലം | – | 19 |
| തിരിച്ചറിവ് | – | 20 |
| എന്റെ ഗുരുനാഥൻ | – | 24 |
| ഗാന്ധിജി | – | 26 |



# പിന്നിട്ട വഴികളിലൂടെ....

**അ**മ്പതു വർഷം മുമ്പുള്ള ഈരാറ്റുപേട്ടയുടെ മുഖം എങ്ങനെയായിരുന്നു? തെക്കനാറും വടക്കനാറും കൂടി മുറിച്ചിട്ട മൂന്നു കരകളും ജനത്തിരക്കുള്ള ജനപദമായിരുന്നില്ല. തിരക്കൊഴിഞ്ഞ മൺപാതയിലൂടെ വണ്ടിക്കാളകളുടെ മണിയൊച്ചകളും പഠിക്കാൻ പോകാത്ത വികൃതികളുടെ ബഹളവുമാണെ വിടെയും. വിജ്ഞാനത്തിന്റെ വെളിച്ചം വീഴാത്ത വീടുകൾ-മരം കയറിയും മീൻ പിടിച്ചും കാലം കഴിക്കുന്ന ആൺകുട്ടികൾ, പെൺകുട്ടികളിൽ ചിലർക്കു മാത്രം രണ്ടുമൂന്നുവർഷം സ്കൂളിലും മദ്രസയിലും പോകാൻ ഭാഗ്യം കിട്ടിയവർ. പത്തുവയസ്സിനു മുമ്പു തന്നെ മാതാവിന്റെ സഹായി യായി അടുക്കളയിൽ തളച്ചിട്ട ജീവിതം.

ഈരാറ്റുപേട്ടയിലെ ആദ്യത്തെ പാഠശാല തെക്കേക്കരയിലുള്ള ഗവ.ഹൈസ്ക്കൂളാണ്. 1910-ാമാണ്ട് , ഇന്ന് റ്റി.ബി സ്ഥിതി ചെയ്യുന്ന സ്ഥല ത്താണ് ആ സ്കൂൾ സ്ഥാപിച്ചിരുന്നത്. അന്ന് അത് യു.പി സ്കൂളായിരു ന്നു. കൽഭിത്തിയും നടുമുറ്റവുമുള്ള ഓടുമേഞ്ഞ കെട്ടിടം. പൊളിഞ്ഞു വീഴാറായപ്പോഴാണ് കുറ്റിപ്പാറയിൽ നിന്നും തെക്കേക്കരയിലേക്ക് ആ സ്ഥാപനം പറിച്ചു നടപ്പെട്ടത്. പേട്ടയിലെ രണ്ടാമത്തെ സ്കൂൾ എം.ഇ. എസ് ജംഗ്ഷനിലുള്ള ഗവ.മുസ്ലിം എൽ.പി.എസ് ആണ്. 1940 ൽ ആണ് ഇതിന്റെ ജനനം. 1952 ൽ ഒന്ന്, നാല് ക്ലാസ്സുകളുമായി അരുവിത്തുറ സെന്റ്. ജോർജ്ജ് സ്കൂളും ആരംഭിച്ചു.

മൂന്നു സ്കൂളുകൾ നിലവിൽ വന്നെങ്കിലും മുസ്ലിം കുട്ടികളെയോ അവരുടെ രക്ഷിതാക്കളെയോ കാര്യമായി ആകർഷിക്കാൻ അവ യ്ക്കൊന്നും കഴിഞ്ഞില്ലെന്നതാണ് ദു:ഖസത്യം! നിന്റെ നാഥന്റെ നാമ ത്തിൽ വായിക്കുകഎന്ന പ.ഖുർആന്റെ ആദ്യാവതീർണ്ണവാക്യം പോലും അവർ ഉൾക്കൊണ്ടില്ല. പെൺകുട്ടികളെ പഠിപ്പിക്കുന്നതു ഹറാമെന്നു പോലും വിളംബരം ചെയ്തവരുണ്ടിവിടെ..



ഈരാറ്റുപേട്ട പഞ്ചായത്തു പ്രസിഡന്റായിരുന്ന ജ. പി.പി ഈസാഖാന്റെ വാക്കുകൾ ശ്രദ്ധിക്കുക. 1938 ൽ എന്റെ സഹപാഠികളായി 5 മുസ്‌ലിം കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത് ആ അഞ്ചു സതീർത്ഥ്യരും ഏഴാം ക്ലാസിൽ തോറ്റുപോയി. അന്ന് ഈ സ്കൂളിൽ ആകെക്കൂടി ഒരൊറ്റ മുസ്‌ലിം പെൺകുട്ടി മാത്രമാണ് ഉണ്ടായിരുന്നത്.”(ഭാഗ്യവതിയായ ആ പെൺകുട്ടി ആരാണോ? കാലത്തിനു മുമ്പേ നടന്നു പോയ ഉത്പതിഷ്ണുവായ ആ പിതാവാരാണോ?) ഈസാഖാൻ തുടരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അന്ന് യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. പാലായിലും മറ്റും ചെന്നാണ് അന്ന് പഠിച്ചിരുന്നത്. അവരിൽപ്പെട്ട പരിക്കണ്ണ്എന്ന വിളിപ്പേരുള്ള പി.കെ പരീതുഖാനാണ് ഈരാറ്റുപേട്ടയിലെ ആദ്യത്തെ ബി.എക്കാരൻ. ആദ്യ ബിരുദധാരി

കാലം കഴിഞ്ഞപ്പോൾ ആൺകുട്ടികൾ കുറെയൊക്കെ സ്കൂളിൽ പോകാൻ തുടങ്ങി. പക്ഷേ പെൺവിദ്യാഭ്യാസം പിന്നാക്കാവസ്ഥയിൽ തന്നെ. ഒരു പുരുഷൻ വിദ്യ നേടിയാൽ ആ പുരുഷൻ മാത്രം വിദ്യ നേടി എന്നാണ് അർത്ഥമെന്നും ഒരു സ്ത്രീ വിദ്യ നേടിയാൽ ആ കുടുംബം മുഴുവൻ വിദ്യ നേടുമെന്നുമുള്ള പഴമൊഴി പൂർണ്ണമായും ഉൾക്കൊണ്ട ഈ നാട്ടിലെ ഏതാനും ക്രാന്തദർശികൾ 1950കളിൽ തന്നെ മുന്നോട്ടുവന്നു. ദീർഘകാലത്തെ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം 1960 ഒക്ടോബർ 7-ാം തീയതി അവർ ഒത്തു കൂടി. മറ്റക്കൊമ്പനാൽ മർഹൂം എം.കെ കൊച്ചുമക്കാർ സാഹിബാണ് അവർക്ക് സംഗമവേദി ഒരുക്കിയത്. എം.കെ സാദുകുട്ടി സാഹിബ് ആ ചർച്ചായോഗം ഉദ്ഘാടനം ചെയ്തു. പെൺകുട്ടികൾക്കു മാത്രമായി ഒരു പള്ളിക്കൂടം സ്ഥാപിക്കണം. ആൺകുട്ടികളില്ലാത്ത സ്ക്കൂളിൽ പെൺകുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾ തയ്യാറാകും എന്ന ചിന്താഗതിക്ക് ഫലം കണ്ടുവെന്നതിന് ഈ ഗേൾസ് സ്കൂൾ തന്നെ തെളിവ്.

ആ ദീർഘദർശികളായ പ്രമാണിമാർ ആരൊക്കെ ആയിരുന്നു? ജ.എം.കെ കൊച്ചുമക്കാർ സാഹിബിന്റെ കാര്യം പറഞ്ഞല്ലോ. അദ്ദേഹമാണ് ഗേൾസ് സ്കൂൾ എന്ന പദ്ധതിക്ക് രൂപം നൽകിയത്. അദ്ദേഹത്തിന്റെ സഹോദരങ്ങളായ എം.കെ സാദുകുട്ടി സാഹിബും, എം.ഫരീദു സാഹിബും എം. അബ്ദുൾഖാദർസാഹിബും കൂടാതെ വട്ടക്കയത്ത് ഹാജി വി.കെ പരീതു സാഹിബും, ഹാജി റ്റി. എച്ച് ഉശമ്യാഖാൻ വെള്ളാപ്പള്ളിൽ, ജ.റ്റി.എച്ച് മീരാണ്ണൻ റാവുത്തർ എട്ടുപങ്കിൽ ഹാജി.വി.എം എ കരീംസാഹിബ് തുടങ്ങിയവർ പ്രാത:സ്മരണീയരാണ്. ഇവരുടെ ശ്രമത്തിന്റെ ഫലമായി സ്കൂൾ സ്ഥിതിചെയ്യുന്ന വഞ്ചാങ്കൽ തരിശുനിലം വിലയ്ക്കു വാങ്ങി. ഇനി കെട്ടിടമുണ്ടാക്കണം.

മുസ്‌ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസം ലാക്കാക്കിയുള്ള ഈ യത്നത്തിന് നാട്ടുകാരുടെ മുഴുവൻ പിന്തുണ ഒരിക്കലും ഉണ്ടായിട്ടില്ല. നിസ്സംഗത പാലിച്ചവരും നിസ്സഹകരിച്ചവരും ഏറെയുണ്ടായിരുന്നു. പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കുന്നത് തെറ്റാണെന്ന് വിശ്വസിച്ച യാഥാസ്ഥിതികരുടെ എണ്ണവും കുറവല്ലായിരുന്നു. ഈ പ്രതിബന്ധങ്ങളെ അഗണ്യകോടിയിൽ തള്ളിക്കൊണ്ട് ലക്ഷ്യബോധത്തിനായി അവർ അക്ഷീണം പ്രയത്നിച്ചു. ഇവരുടെ കൂട്ടത്തിൽ പി.എം. പരീത് ലബ്ബ മോതീൻ കുന്നേൽ, പി.പി. മുഹമ്മദ് ലബ്ബ നെടുംപുറത്ത്, സെയ്തുമുഹമ്മദ് റാവുത്തർ വെട്ടിക്കൽ, പൊന്തനാൽ കുഞ്ഞു ലബ്ബ മുതലായവരും സ്മരണീയരാണ്.

കെട്ടിടം പൂർത്തിയാകുന്നതിനു മുമ്പു തന്നെ സ്കൂൾ ആരംഭിച്ചു. പേട്ട കോ-ഓപ്പറേറ്റീവ് ബാങ്കിനടുത്ത് മാർക്കറ്റ് റോഡിൽ ഒരു കടമുറിയിലാണ് വിദ്യാദാനത്തിന്



പ്രാരംഭം കുറിച്ചത്. 1964 ജൂണിൽ സംസ്ഥാന പൊതുമരാമത്ത് മന്ത്രിയായിരുന്ന ജനാബ് പി.പി ഉമ്മർ കോയാ സാഹിബാണ് ഈസ്ഥാപനത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചത്. പ.ഖുർആൻ പരിഭാഷകനും പ്രശസ്ത പണ്ഡിതനുമായ സി.എൻ അഹമ്മദ് മൗലവി ഉൾപ്പെടെയുള്ള പല വ്യക്തിത്വങ്ങളും ആ ചടങ്ങിൽ പങ്കെടുത്തിരുന്നു. അന്നത്തെ പാലാ വിദ്യാഭ്യാസ ഓഫീസറും സാഹിത്യകാരനുമായിരുന്ന വള്ളംകുളം കരുണാകരൻനായർ ക്ലാസിന് നാന്ദികുറിക്കുകയും ചെയ്തു. അങ്ങനെ ആ ദീർഘദർശികളായ മുൻഗാമികളുടെ പ്രാർത്ഥനയും പ്രയത്നവും സഫലമായി. സ്ത്രീ വിദ്യാഭ്യാസ വിസ്ഫോടനത്തിനു തുടക്കം കുറിച്ചതിൽ സന്മനസ്സുകൾ ആഹ്ലാദിച്ചു.

സ്കൂളിന്റെ ചരിത്രത്തിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ ആരംഭകാലത്തെ മാനേജിംഗ് മ്മറ്റിയിലെ ഭാരവാഹികളെ കുറിച്ച് അറിയാനും ആഗ്രഹമുണ്ടാകും. ഒന്നാമത്തെ കമ്മറ്റിയിലെ പ്രസിഡന്റ് എം.കെ കൊച്ചുമക്കാർ സാഹിബ് തന്നെ. 1964 മുതൽ 1970 വരെയാണ് കൊച്ചുമക്കാർ സാഹിബ് മാനേജർ സ്ഥാനം വഹിച്ചത്. 1964 -65 കാലയളവിൽ വൈസ് പ്രസിഡണ്ടായി പി.പി ഈസാഖാനും സെക്രട്ടറി ആയി വി.എം.എ കരീം സാഹിബും ട്രഷററായി റ്റി.എച്ച് മീരാണ്ണൻ റാവുത്തറും ചുമതല വഹിച്ചു. 1970 മുതൽ 1993 വരെ എം. ഫരീദുസാഹിബ് മാനേജരായിരുന്നു. സ്കൂളിന്റെ വികനങ്ങൾ ഏറെയും നടന്നത് ഇക്കാലയളവിനുള്ളിലാണ്. 1989 ഡിസംബറിൽ സ്കൂളിന്റെ സിൽവർ ജൂബിലി ഗംഭീരപരിപാടികളോടെ ആഘോഷിക്കപ്പെട്ടു. ലീലാദാമോദരമേനോൻ എം.എൽ.എ, കേരളവനംവകുപ്പു മന്ത്രി പ്രൊഫ. എൻ.എം ജോസഫ്, പ്രൊഫ. നബീസാ ഉമ്മാൾ എം.എൽ.എ, വിദ്യാഭ്യാസമന്ത്രി കെ. ചന്ദ്രശേഖരൻ, ഗാന്ധി യൂണിവേഴ്സിറ്റി പ്രൊവൈസ്ചാൻസലർ പ്രൊഫ. സി.എ അബ്ദുൾസലാം, ഇന്ത്യയിലെ ആദ്യത്തെ വനിതാസുപ്രീം കോടതി ജഡ്ജിയും തമിഴ്നാടു മുൻഗവർണറുമായിരുന്ന ജസ്റ്റീസ് ഫാത്തിമാബീവി തുടങ്ങിയവർ വിവിധ പരിപാടികളോടനുബന്ധിച്ച് സിൽവർ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു. സ്കൂൾ മാനേജർ എം. ഫരീദുസാഹിബും അന്നത്തെ പി.റ്റി.എ പ്രസിഡണ്ടായിരുന്ന പുളിക്കീൽ ഹാജി പി.എം അബ്ദുൾ കെരീം സാഹിബും എണ്ണമറ്റ ഗുണകാംക്ഷികളും 25-ാം വാർഷികം മോടിപിടിപ്പിക്കാൻ ഏറെ പരിശ്രമിച്ചിട്ടുണ്ട്.

എം.ഫരീദുസാഹിബിന്റെ നിരന്തരമായ ശ്രമവും പൂഞ്ഞാർ എം.എൽ.എയും വനം മന്ത്രിയുമായിരുന്ന പ്രൊഫ. എൻ.എം ജോസഫിന്റെ സഹായവും കൂടിച്ചേർന്നപ്പോൾ 1991 ൽ ഇവിടെ +2 കോഴ്സ് ആരംഭിക്കാൻ സാധിച്ചു. തുടക്കത്തിൽ ഒരു സയൻസ് ബാച്ച് മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീട് പി.സി.ജോർജ്ജ് എം.എൽ.എ യുടെ ശ്രമഫലമായി കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളും ആരംഭിക്കാൻ കഴിഞ്ഞു. ഇന്ന് ഏഴു ബാച്ചുകളിലായി 350 കുട്ടികൾക്ക് പ്രവേശനം നൽകുന്നു.

ഈ സ്ഥാപനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിൽ മുൻമാനേജർ മർഹൂം എം. അബ്ദുൾഖാദർ സാഹിബിന്റെ സേവനം അവിസ്മരണീയമാണ്. സൂക്ഷ്മതയും ബുദ്ധിയും ഭാവനയും നിസ്വാർത്ഥതയും നിറഞ്ഞ അബ്ദുൾ ഖാദർ സാഹിബിന്റെ സേവനം ഈ സ്കൂളിന്റെ ചരിത്രത്തിലെ നിർണ്ണായക നിമിഷങ്ങളായിരുന്നു.

1964 ൽ ഹൈസ്കൂൾ വിഭാഗമാണ് ആരംഭിച്ചത്. 1967ലാണ് യു.പി ക്ലാസുകൾ തുടങ്ങിയത്. ഇപ്പോൾ 5 മുതൽ 12 വരെ സ്റ്റാൻഡേർഡുകളിലായി 44 ഡിവിഷനുകളുണ്ട്. 2037 കുട്ടികളും 77 അദ്ധ്യാപകരും 8 അനദ്ധ്യാപകരും ഇവിടെ ജീവനക്കാരായിട്ടുണ്ട്. +2 ആരംഭിച്ചതു മുതൽ റസിയ വി.എ. ആണ് പ്രിൻസിപ്പാൾ. ഇപ്പോൾ രമണി റ്റി.ജിയാണ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ്. ഗീത ആർ ഹെഡ്മിസ്ട്രസും.

സ്കൂളിന്റെ ആരംഭത്തിൽ ടീച്ചർ ഇൻചാർജ്ജ് ഓഫ് ഹെഡ്മിസ്ട്രസായി എസ്. സുശീലയാണ് സേവനം നടത്തിയത്. ആദ്യത്തെ ഹെഡ്മിസ്ട്രസ് റിട്ട. ഡി.ഇ.ഒ എൻ ഹവ്വാബീവി ആയിരുന്നു. തിരുവനന്തപുരം സ്വദേശിനിയായ ഇവർ 1966 –67 വർഷങ്ങളിലാണ് ഹെഡ്മിസ്ട്രസ് പദവി വഹിച്ചത്. രണ്ടാമത്തെ ഹെഡ്മാസ്റ്റർ എൻ. സുബ്രഹ്മണ്യ അയ്യർ–പൂഞ്ഞാർ സ്വദേശിയായ ഇദ്ദേഹം 1969 മുതൽ 1988 വരെ 19 വർഷക്കാലം സ്തുത്യർഹമായ സേവനമാണ് നടത്തിയത്. തുടർന്ന് പ്രഥമാദ്ധ്യാപകരായിരുന്ന എം.സരളാദേവി, ആലീസ് ജോസ്, ശ്യാമളക്കുട്ടി അന്തർജ്ജനം എന്നിവർ ഈ സ്കൂളിന്റെ ഉയർച്ചക്കായി അക്ഷീണം ശ്രമിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷനുകൾ മികവാർന്ന രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു. സേവന സന്നദ്ധരായ കുട്ടികളുടെ കൂട്ടായമയാണ് സാഫ് എന്ന ചുരുക്കപ്പേരലറിയപ്പെടുന്ന Students Activity Frontage. NSS സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഫോറസ്ട്രി ക്ലബ് മാത്സ് ക്ലബ്ബ്, ഐറ്റി ക്ലബ്ബ്, കൊമേഴ്സ് അസോസിയേഷൻ, ഹ്യൂമാനിറ്റീസ് അസോസിയേഷൻ, വിദ്യാരംഗം കലാസാഹിത്യവേദി, ലിറ്ററി ക്ലബ്ബ്, രാഷ്ട്രഭാഷാ ക്ലബ്ബ്, സിവിൽ സർവ്വീസ് ആസ്പിരന്റ്സ് ക്ലബ്ബ്, സൗഹൃദ ക്ലബ്ബ്, ഗൈഡിംഗ് യൂണിറ്റ്, ഹെൽത്ത് ക്ലബ്ബ്, സർഗ്ഗം, കരിയർ ക്ലബ്ബ്, തുടങ്ങിയ വിദ്യാർത്ഥി കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ മാധ്യമങ്ങളിലെ വാർത്തകൾക്ക് സ്രോതസുകളായി മാറുന്നു. ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അധ്യാപകരുടെ അനുപമമായ സമർപ്പണബോധം മാനേജ്മെന്റിന്റെയും രക്ഷിതാക്കളുടെയും സർവ്വോപരി വിദ്യാർത്ഥിനികളുടെയും മനസ്സുകളിൽ നിറഞ്ഞു നിൽക്കുക തന്നെ ചെയ്യും.

# മലയാള ഭാഷ
## മരിക്കുന്നുവോ?

ഫാത്തിമ ഇസ്മായിൽ

**മാ**തൃഭാഷയോടുള്ള അനാദരവിന്റെയും അവഗണനയുടെയും കാര്യത്തിൽ ഗിന്നസ് ബുക്കിൽ കയറാൻ പാകത്തിൽ എത്തിനിൽക്കുന്നു മലയാളി ഇന്ന്. സ്വന്തം മാതൃഭാഷയെ ഉപേക്ഷിച്ചവൻ മാതാവിനെ ഉപേക്ഷിച്ചതുപോലെയാണ്. നാടോടിശീലുകളിലൂടെയും വാമൊഴികളിലൂടെയും കരുത്താർജ്ജിച്ച മലയാളഭാഷ ഇന്ന് പതനത്തിലേയ്ക്ക് നീങ്ങുകയാണ്. മലയാളവും മലയാളിയും തമ്മിലുള്ള ബന്ധത്തിന് കോട്ടം തട്ടിയിട്ട് നാളുകളേറെയായിരിക്കുന്നു.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ" എന്ന് പാടിയ വള്ളത്തോൾ മഹാകവിയുടെ വാക്കുകൾക്ക് ഇന്ന് പ്രസക്തിയില്ലാതായിരിക്കുന്നു. ഒരിക്കലും തിരിച്ചുപിടിക്കാൻ പറ്റാത്ത വിധത്തിൽ മലയാളി മലയാളത്തെ മരണക്കയങ്ങളിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നു.

"ഒരു കഷണം റൊട്ടിക്കുവേണ്ടി നിങ്ങൾ മലയാളികൾ ആദ്യം പണയം വയ്ക്കുക സ്വന്തം ഭാഷയെയായിരിക്കു"മെന്ന് ഒരു ബംഗാളി സുഹൃത്ത് എന്റെ മുഖത്തുനോക്കി പറഞ്ഞുവെന്ന് വികാരാധീനനായി പറഞ്ഞ ഒ.എൻ.വി. കുറുപ്പിന്റെ വാക്കുകൾ മലയാളിയെന്തേ കാണാതെ പോയി?

ഇന്ന് അഖിലേന്ത്യാ പരീക്ഷകളിൽ മലയാളി തോറ്റ് തറപറ്റുമ്പോൾ ഒരു കാലത്ത് ഈ മേഖലകളിൽ മലയാളി നേട്ടങ്ങൾ കൊയ്തിരുന്നു എന്ന വസ്തുത സ്മരിക്കേണ്ടിയിരിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ 'കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ലാതായ' അവസ്ഥയിലെത്തിയില്ലേ മലയാളി!

കേരളത്തിന്റെ അയൽസംസ്ഥാനക്കാരായ തമിഴ്നാട്ടുകാരന്റെ മാതൃഭാഷാസ്നേഹം മലയാളി കാണുന്നില്ലേ? 'തമിഴ് തമിഴന്റെ ദൈവമാണ്.' മലയാളിക്ക് മലയാളമോ – വെറും ചവറ്.

കാർഷികോത്സവങ്ങളിലും വിശ്വാസപ്രമാണങ്ങളിലും അടിയുറച്ച് വിശ്വസിച്ചിരുന്ന ഒരു കേരളീയ സമൂഹത്തെ ഗൾഫിലേയും അമേരിക്കയിലേയും 'വെള്ളക്കോളർ' ജോലികൾ ആഗ്രഹിക്കുന്നവരാക്കി മാറ്റിയിരിക്കുന്നു. ഒരു 'ഹൈടെക്' യുഗമാണിത്. അതുകൊണ്ടു

തന്നെ വിദേശങ്ങളിലേയ്ക്ക് കുടിയേറിയ മലയാളി സ്വന്തം ഭാഷയെ അവഗണിച്ചു! മലയാളത്തെ ഉപേക്ഷിച്ചു!! സംസ്കാരവും പരിഷ്കാരവുമില്ലാത്തവരുടെ ഭാഷയെന്ന് ആക്ഷേപിച്ചു!!!

"മലയാളത്തിൽ ഒരു സോംഗ് സിംഗ് ചെയ്താൽ കൊള്ളാമെന്നുണ്ട്" എന്ന് മൊഴിയുന്ന ടി.വി. അവതാരകരുടെ കാലമാണിത്. "എനിക്ക് മലയാളം തീരെ അറിയില്ല" എന്ന് പറയുകയും 'എലിശേരി'യും 'പുലിശേരി'യുമൊക്കെ വടിച്ചുനക്കുകയും ചെയ്യുന്ന ഒരു 'ഇംഗ്ലീഷ് മലയാളിയുടെ മംഗ്ലീഷ്' ലോകമാണിത്.

കേരളപ്പിറവി ദിനത്തിൽ 'മുണ്ടുടുത്തവന്റെ മുണ്ടുരിയുന്ന' സംസ്കാരം കേരളത്തിൽ മാത്രമേയുള്ളൂ. മലയാളം സംസാരിച്ചാൽ പിഴയടയ്ക്കേണ്ടിവരികയും അങ്ങനെയുള്ള കുട്ടികളുടെ തലയിൽ ബാർബർ ജോലി ചെയ്യുകയും ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മലയാളത്തിലേ ജന്മമെടുത്തിട്ടുള്ളൂ. സ്വന്തം ഭാഷയെ അവഗണിക്കുന്ന ഒരു സമൂഹം ഈ മലയാളനാട്ടിലേ കാണൂ!!

ഭാഷയോടുള്ള അനാദരവിന്റെയും അവഗണനയുടെയും കാര്യത്തിൽ മലയാളി ഇന്ന് മുൻപന്തിയിലാണ്. മലയാളഭാഷ ഉപേക്ഷിക്കുകയും വെള്ളക്കാരന്റെ ഭാഷ സ്വീകരിക്കുകയും ചെയ്തുവെന്ന് അഹങ്കരിച്ച് 'മംഗ്ലീഷി'ൽ സംസാരിക്കുന്ന കേരളസമൂഹം ഇന്ന് ഒരു ശാപമാണ്. മലയാളത്തോട് ആദരവ് കാട്ടുന്ന, മാതൃഭാഷയെ സ്നേഹിക്കുന്ന മലയാളമാണ് സർവ്വതും എന്ന് വിശ്വസിക്കുന്ന ഒരു മലയാളി സമൂഹം ഉണ്ടാകേണ്ടിയിരിക്കുന്നു.

"അമ്മ മലയാളം
ജന്മ മലയാളം
ജീവ മലയാളം" എന്ന് പാടിയ കവിയും ഈ കേരളത്തിൽ തന്നെയല്ലേ പിറവിയെടുത്തത്? മലയാളത്തെ അമ്മയെപ്പോലെ കരുതിയ എഴുത്തുകാരുടെ പാതയെന്തേ ഇന്നത്തെ മലയാളി സ്വീകരിക്കാതെ പോയി?


മലയാളത്തിന്റെ പതനത്തിൽ ഉത്കണ്ഠാകുലനാകുന്നവരുടെ വിലാപം ആധുനിക ഇംഗ്ലീഷ് മലയാളി മറന്നുകളഞ്ഞു. പണത്തിനായി അവൻ തന്റെ ഭാഷയെ പണയപ്പെടുത്തി.

ബംഗാളിലെ കുട്ടികളെക്കുറിച്ച് ഒ.എൻ.വി. കുറുപ്പ് പറഞ്ഞതിതാണ്, "ബംഗാളിലും ഇംഗ്ലീഷ് സംസാരിക്കുന്ന കുട്ടികളുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം അഭ്യസിക്കുന്നവർ. എന്നാൽ അവർ സ്വന്തം വീടുകളിലെത്തുമ്പോൾ ബംഗാളിഭാഷ സംസാരിക്കുകയും മനോഹരമായ ബംഗാളി സംഗീതം ആസ്വദിക്കുകയും ചെയ്യും. അവരൊരിക്കലും തങ്ങളുടെ ഭാഷയെ ആക്ഷേപിച്ച് സംസാരിക്കില്ല."

ജന്മഭാഷയാണ് സർവ്വതും എന്ന് വിശ്വസിക്കുന്ന ബംഗാളി സമൂഹത്തെപ്പോലൊരു സമൂഹം ഇനി കേരളത്തിലുടലെടുക്കുമോ?

മുലപ്പാലിനൊപ്പം മലയാളി നുണഞ്ഞ ഭാഷയാണ് മലയാളം. ശൈശവത്തിൽ സ്വീകരിച്ച ഭാഷ. എന്നാൽ യൗവനാരംഭത്തിൽ അവൻ ഇംഗ്ലീഷ് ഭാഷ സംസാരിക്കുകയും മലയാളഭാഷ ഉപേക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ അവന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിന്നായി മലയാളം അകന്നു. ഇംഗ്ലീഷിനായി മാത്രം മലയാളി ജീവിച്ചു! മലയാളം അവിടെ മരിച്ചു! അല്ല, കൊന്നു. ചിന്തിക്കുകയും സ്വപ്നം കാണുകയും ചിരിക്കുകയും കരയുകയും ചെയ്യുന്ന മാതൃഭാഷയെ മലയാളി കൊന്നു! ഏത് ഭാഷയിലൂടെയാണോ ചിന്തിക്കുകയും സ്വപ്നം കാണുകയും സന്തോഷിക്കുകയും സങ്കടമനുഭവിക്കുകയും ചെയ്യുന്നത് ആ മാതൃഭാഷയെ മലയാളി കൊന്നു. ആ മലയാളത്തിന്റെ ജഡത്തെ നോക്കി നമുക്ക് ചരമഗീതമെഴുതാം.





# വസന്തം മരിക്കുന്നുവോ?

j I \ k PI

പൂത്ത വാകമരങ്ങൾക്കിടയിലൂടെ
പൂമാരി വിതറിയ വഴിയിലൂടെ
പതിയെപ്പതിയെ നടന്നുനീങ്ങവേ
പൂക്കൾ കൊണ്ടൊരു പുതുമഴ തീർത്തു.

മാടിവിളിക്കുന്നു പൂങ്കാവനികൾ
മാനസം നിറയ്ക്കുന്നു പൂവാടികൾ
മിഴികൾക്കു കുളിരേകുന്നു ചിത്രശലഭങ്ങൾ
മധുരസംഗീതം പൊഴിക്കുന്നു പക്ഷികൾ.

പ്രകൃതിതൻ സന്തോഷമാർത്തിരമ്പുമ്പോൾ
പിന്നെയും പിന്നെയും മായാത്ത ഓർമ്മകൾ
പേടിസ്വപ്നങ്ങളായ് മാറുന്നുവോ?
പകൽ പോലെയാം സത്യങ്ങൾ വേട്ടയാടുന്നുവോ?

മിഴികൾ നിറയുന്നുവോ?
മാനസം തേങ്ങുന്നുവോ?
മോഹങ്ങൾ മോഹാലസ്യങ്ങളാകുന്നുവോ?
മധുരമാം ഗീതങ്ങൾ ഭയവിഹ്വലമാക്കുന്നുവോ?

ഇനിയെത്ര നാളീഭൂവിലെന്ന ചിന്ത
ഇനിയും വേട്ടയാടീടുന്നുവോ?
ഇനിയും പൂവണിയാത്ത നിൻ സ്വപ്നങ്ങൾ
ഈ കാറ്റിലലിഞ്ഞു ചേരുന്നുവോ?

ഇനിയെത്ര വസന്തങ്ങൾ കാണുമെന്നറിയാതെ
ഇനിയുമെത്താത്ത മരണത്തിനായ് കാത്തിരിക്കുകയാണോ?
ഇത്രനാൾ ഒളിപ്പിച്ച ദുഃഖങ്ങൾ
ഇന്ന് കണ്ണുനീരായ് ഒഴുകുകയോ?

ആ വാകമരത്തണലിൽ ചാഞ്ഞിരിക്കുമ്പോൾ
ആരോ മാടിവിളിക്കുകയാണോ നിന്നെ?
ആ പൂക്കൾതൻ സൗരഭ്യമേന്തിയ കാറ്റുനിൻ
അവസാനശ്വാസവും സ്വീകരിക്കുകയാണോ?

# ആത്മവിശ്വാസം

ഫാത്തിമ തസ്നി



ഒരു ദിവസം ഒരു പക്ഷി പറന്നുവന്ന് മരത്തിന്റെ ചില്ലയിൽ വിശ്രമിക്കാനിരുന്നു. അപ്പോൾ മരം സംസാരിച്ചു, “എന്തിനാ നീ ഈ ഉണങ്ങി, മെലിഞ്ഞ ചില്ലയിൽ ഇരിപ്പിടം ഉറപ്പിച്ചത്? വലുതും നല്ല ബലമുള്ളതുമായ ചില്ലകൾ വേറെയുണ്ടല്ലോ. നിന്റെ ഭാരം കൊണ്ടോ, കാറ്റ് മൂലമോ ഏത് നിമിഷത്തിലും ഈ ഉണങ്ങിയ ചില്ല ഒടിയാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇവിടംവിട്ട് നല്ല വലിയ ചില്ലയിൽ അഭയം തേടൂ.”

ഇതുകേട്ട് പക്ഷി പറഞ്ഞു, “എനിക്ക് അഭയവും ആതിഥേയവും നൽകാൻ സന്നദ്ധത കാണിച്ചതിന് നന്ദി. ചില്ല ഏതുമായിക്കൊള്ളട്ടെ, അതൊടിയുന്ന നിമിഷത്തിൽ ഞാനെന്റെ ചിറകുകൾകൊണ്ട് രക്ഷപെട്ടോടാം. എനിക്കെന്റെ ചിറകുകളിൽ വിശ്വാസമുണ്ട്. ചിറകുകൾ ഒരിക്കലും ചതിക്കില്ല.” പക്ഷിയുടെ ആത്മവിശ്വാസം കേട്ട് മരം സ്തബ്ധമായി. ആ ധീരമായ വാക്കുകൾ, എത്ര അർത്ഥവത്തായ, ഗഹനമായ വാക്കുകൾ! മരം പക്ഷിയെ ഹാർദ്ദമായി അഭിനന്ദിച്ചു.


# മാറുന്ന മലയാളി, മറക്കുന്ന വായന

സൈഫാ ഇബ്രാഹിം

മലയാളി മാറുന്നു, ഒപ്പം അവന്റെ വായനാ സങ്കല്പങ്ങളും. ഒരു കാലത്ത് മനുഷ്യന്റെ ഏറ്റവും വലിയ ആയുധമായിരുന്നു വായനയിലൂടെ ലഭിക്കുന്ന അറിവ്. എന്നാൽ ദൃശ്യ-മാധ്യമങ്ങളുടെ കടന്നുവരവോടുകൂടി വായനയുടെ പ്രസക്തി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അയൽനാട്ടുകാർ വായനയെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മരണാസന്നയായി കിടക്കുന്ന വായനയ്ക്കുനേരെ കണ്ണടയ്ക്കുകയാണ് മലയാളികൾ.

വായനയെ നാം എന്തിന് മറക്കുന്നു? ഒരിക്കലും ഉത്തരം കിട്ടാത്തൊരു ചോദ്യം. പക്ഷേ, അതിനുള്ള ഉത്തരം നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ദൃശ്യ-മാധ്യമങ്ങൾ നമുക്കിടയിൽ വലിയൊരു വിപ്ലവംതന്നെ ഉണ്ടാക്കിയിരിക്കുന്നു. പുരോഗതി മാത്രം ലക്ഷ്യംവച്ചു നീങ്ങുമ്പോൾ നാം തിരിച്ചറിയണം വായനയുടെ ശക്തി. വായനയിലൂടെ ലഭിക്കുന്ന അറിവുകൾക്ക് പകരമാവാൻ മറ്റൊരു തരത്തിലുള്ള മാധ്യമങ്ങൾക്കും കഴിയില്ല.

വായനാശീലം അന്യമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സ്കൂളുകളിലും മറ്റും വായനയെ പരിപോഷിപ്പിക്കാൻ ഒരുപാട് പദ്ധതികൾ ആവിഷ്കരിക്കുന്നു. എന്നാൽ ഒന്നും ഫലവത്തായ രീതിയിൽ ഉപയോഗിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകുന്നില്ല. പഠനത്തിന്റെ രീതി മാറിയപ്പോൾ വായിക്കാനുള്ള സമയവും കുറഞ്ഞു. ചെറുകഥകളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കാൻ താല്പര്യം കാട്ടിയിരുന്ന കുട്ടികൾ നമുക്കിടയിലുണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സമയവും കൂടി ടെലിവിഷനും കമ്പ്യൂട്ടറും പങ്കിട്ടെടുത്തുകഴിഞ്ഞു.



വായനയിലൂടെ ലഭിക്കുന്ന അനുഭൂതി നൽകാൻ മറ്റൊരു മാധ്യമത്തിനും കഴിയില്ല. കുട്ടികളുടെ മനസ്സിന്റെ വളർച്ച മുരടിക്കാനും മോശത്തരത്തിലേയ്ക്ക് മനസ്സിനെ മാറ്റാനും മാത്രമേ ടെലിവിഷനും മറ്റും കഴിയൂ. എന്നാൽ വായന കുട്ടികളുടെ ആശയവികസനത്തിനും മാനസികവളർച്ചയ്ക്കും സഹായകമാകുന്നു. വായനാപ്രസ്ഥാനത്തിന് തുടക്കം കുറിച്ച പി.എൻ. പണിക്കർ എന്ന സാഹിത്യസാംസ്കാരിക പ്രവർത്തകന്റെ ഓർമ്മയ്ക്കായി നാം വായനാദിനം ആചരിക്കാറുണ്ട്. വായനക്കളരി, വായനാമത്സരം എന്നിങ്ങനെ പല മത്സരങ്ങളും ആ ദിനത്തോടനുബന്ധിച്ച് നടത്തിവരുന്നു. എന്നാൽ ഈ പരിപാടികൾക്കൊന്നും വായനയെ മുകൾത്തട്ടിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുവാൻ കഴിയുന്നില്ല. നമുക്കിടയിൽ വായനയേക്കാളേറെ ഇപ്പോഴും സ്വാധീനം ചെലുത്തുന്നത് കമ്പ്യൂട്ടറും ഇന്റർനെറ്റും മറ്റുമാണ്.

"വായിച്ചാലും വളരും

വായിച്ചില്ലെങ്കിലും വളരും

വായിച്ചു വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും" എന്ന കുഞ്ഞുണ്ണി മാഷിന്റെ വരികൾ ശ്രദ്ധിച്ചാൽത്തന്നെ വായനയുടെ പ്രാധാന്യം നമുക്ക് മനസ്സിലാകും. വായനയിലൂടെ ഉത്തമരായ മനുഷ്യരെയും ഉത്തമമായ സമൂഹത്തെയും കെട്ടിപ്പടുക്കാൻ കഴിയും. വായനയുടെ മൃത്യു വളരെ നേരത്തെ തന്നെ മനസ്സിലാക്കിയ കഥാകൃത്തുക്കളും കവികളും അതിന്റെ ഉന്നമനത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളും തുടങ്ങിവച്ചിരുന്നു.

വായനയുടെ ഉന്നമനത്തിനായി വളരെ കൂടുതൽ പരിശ്രമിക്കാൻ കഴിയുന്നത് വിദ്യാർത്ഥികൾക്കും സ്കൂളുകൾക്കുമാണ്. വായനാശീലം വളർത്തിയെടുക്കാൻ അതുമായി ബന്ധപ്പെട്ട മത്സരങ്ങൾ, പുസ്തകങ്ങൾ എന്നിങ്ങനെ ഒരുപാട് പരിപാടികൾ സ്കൂൾതലത്തിൽ തീരുമാനിക്കാവുന്നതാണ്. അദ്ധ്യാപകർ നൽകുന്ന സെമിനാർ, പ്രോജക്ട് തുടങ്ങിയവയ്ക്ക് പുസ്തകങ്ങളെ ആശ്രയിച്ചാൽതന്നെ പുസ്തകങ്ങളുമായി കുട്ടികൾക്ക് ബന്ധം പുലർത്താനും വായനാശീലം ഉണ്ടാക്കാനും സാധിക്കും. എന്നാൽ ഇന്നത്തെ അവസ്ഥ ഇതല്ല. വിരൽത്തുമ്പിൽ ആവശ്യമായതെല്ലാം ലഭിക്കുന്ന ലോകത്തിൽ വായിച്ച് അറിവ് സമ്പാദിക്കാൻ ആരും മെനക്കെടാറില്ല.

സമ്പൂർണ്ണ സാക്ഷരരെന്ന് അവകാശപ്പെടുന്ന കേരളീയർക്ക് എത്ര സാഹിത്യകാരന്മാരെ

പരിചയമുണ്ട്? എത്ര പുസ്തകങ്ങളെക്കുറിച്ച് അറിയാം? ഇങ്ങനെയൊരു കണക്കെടുപ്പ് നടത്തിയാൽ ലഭിക്കുന്ന ഫലം തീർത്തും നിരാശാജനകമായിരിക്കും. വായനയുടെ കാര്യത്തിലും പുസ്തകപരിചയത്തിന്റെ കാര്യത്തിലും എത്രത്തോളം പുരോഗതി പ്രാപിക്കേണ്ടിയിരിക്കുന്നെന്ന് ഈ കണക്കുകൾ നമുക്ക് വ്യക്തമാക്കിത്തരും.

മാറിവരുന്ന പഠനസമ്പ്രദായമാണ് വായന മരിക്കാൻ പ്രധാന കാരണം. പുസ്തകങ്ങൾ വായിച്ച് പഠിച്ച് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഒരു കാലം ഇവിടെയുണ്ടായിരുന്നു. കുട്ടികൾക്ക് സാഹിത്യകാരന്മാരെയും പുസ്തകങ്ങളെയും പരിചയപ്പെടാനുള്ള അവസരവും അന്നുണ്ടായിരുന്നു. എന്നാൽ അതാണോ ഇന്നത്തെ നമ്മുടെ അവസ്ഥ? കാലം മാറിയപ്പോൾ രീതികൾ മാറി, പഠനസമ്പ്രദായം മാറി, പുസ്തകങ്ങൾ വെറും മോഡലുകൾ മാത്രമായി. വായനയിലൂടെ കിട്ടുന്ന അറിവ് നൽകുന്ന പ്രകാശത്തിലൂടെ സഞ്ചരിച്ച് ഉന്നതിയിലെത്തിയ മഹാന്മാർ അനവധി നമുക്ക് മുന്നിലുണ്ട്.

പുസ്തകവായനയിൽ മാത്രമല്ല, പത്രവായനയിലും നാം വളരെ പുറകിലാണ്. ദിനപ്പത്രങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ അവ നമുക്ക് നല്ലൊരു വഴികാട്ടിയായിരിക്കും. ഓരോ ദിവസത്തേയും പത്രം പോലും വായിക്കാൻ ആർക്കും സമയമില്ല. ഒരു മാസത്തെ പ്രധാന വാർത്തകൾ മുഴുവനും ഇന്റർനെറ്റിൽ ലഭ്യമാണ്. പിന്നെന്തിന് പത്രം വായിച്ച്, വിലപ്പെട്ട സമയം കളയണം എന്ന ചിന്താഗതിക്കാരാണ് കൂടുതലും.

വായന മരിക്കുന്നു എന്ന് മുറവിളി കൂട്ടാൻ മാത്രം എല്ലാവരും തയ്യാറാണ്. എന്നാൽ വായനയുടെ സ്വാധീനം അതിന്റെ വെളിച്ചം പുതുതലമുറയ്ക്കും ലഭ്യമാക്കാൻ ആരും മെനക്കെടാറില്ല. മൂന്നു കാര്യങ്ങളുണ്ടെങ്കിൽ ഞാൻ ജീവിക്കും. 1) പുസ്തകം 2) പുസ്തകം 3) പുസ്തകം എന്നൊരു മഹാൻ പറഞ്ഞിട്ടുണ്ട്. പുസ്തകവായന മഹാന്മാരുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ഈ വാക്കുകളിൽ നിന്നും മനസ്സിലാകും. "വായന മരിക്കാൻ പാടില്ല, മനുഷ്യനുള്ളിടത്തോളം വായനയും ഉണ്ടായേ പറ്റൂ!"

വായന വെളിച്ചമാണ്. നമ്മുടെ ജീവിതത്തിന് വഴികാട്ടിയായി നമ്മെ മുന്നോട്ടു നയിക്കുന്ന അറിവിന്റെ വെളിച്ചം. ഈ വെളിച്ചം ജീവിതത്തിൽ സ്വായത്തമാക്കാൻ വായന ശീലമാക്കേണ്ടിയിരിക്കുന്നു. നമുക്ക് മാത്രമല്ല, വരും തലമുറയ്ക്കും ആ വെളിച്ചം പകർന്നു നൽകേണ്ടിയിരിക്കുന്നു.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിൽ മാത്രം മലയാളിയുടെ വായനശീലം ഒതുങ്ങിയിരിക്കുന്നു. മലയാളിയുടെ വായനാസങ്കല്പങ്ങൾ ഇത്രയേറെ മാറാൻ കാരണമെന്ത്? സംശയിക്കേണ്ട, തീർച്ചയായും തരംതാഴ്ന്ന മാധ്യമങ്ങളുടെ കടന്നുകയറ്റം തന്നെ!


ഇന്റർനെറ്റിനും കമ്പ്യൂട്ടറിനും നൽകുന്ന അമിത പ്രാധാന്യം വായനയ്ക്ക് നൽകേണ്ടിയിരിക്കുന്നു. അറിവിന്റെ അക്ഷയകേന്ദ്രമായ "വായനയെ മറന്നൊരു ജീവിതം അസാദ്ധ്യമാണ്." ഈയൊരു ചിന്ത എല്ലാവർക്കും ഉണ്ടായാൽ വായന ഉയർത്തെഴുന്നേല്ക്കും .......

പൂർവ്വാധികം കരുത്തോടെ!!! ■

# വചനം ഇത് തിരുവചനം

സോനാ കബീർ


സത്യത്തിൻ തിരുവചനം
വിശ്വാസമേകും വചനം
സ്നേഹം നൽകും വചനം
നന്മകളേകും തിരുവചനം
സത്യത്തിൻ നൽപാതയിലൂടെ
നയിച്ചീടുന്നൊരു തിരുവചനം
വിശ്വാസത്തിൻ പുതുപാത
തുറന്നു തരുന്നൊരു തിരുവചനം
വചനം ഇത് തിരുവചനം



# വിദ്യാലയം

ഫാത്തിമാ വി.എൻ.

എന്നഭിമാനമാം വിദ്യാലയം
അതിലറിവിന്റെ പൂക്കൾ വിടർന്നീടുന്നു
എത്രമേൽ പ്രിയമാമീയങ്കണത്തിൽ
സ്നേഹത്തിൻ പൂന്തെന്നൽ ഒഴുകീടുന്നു
കളിയിലും ചിരിയിലും കോലാഹലത്തിലു-
മെത്ര മാധുര്യമെന്നോർത്തീടുന്നു.
അറിവ് പകർന്നീടുമീ വിദ്യാലയം
ദിവ്യമാം നന്മയെയുണർത്തീടുന്നു
വെൺമയേറുന്നൊരാ പാഠം പഠിച്ചു നാം
മത്സരത്തിൻ കടമ്പ കടന്നിടുന്നു.
ഈ വിദ്യയെ എന്നുമെൻ നെഞ്ചിലേറ്റി ഞാൻ
ആകാശം മേലെ പറന്നിടുന്നു.
അകതാരിൽ ആനന്ദമധുരം തൂകി
എൻ ഗുരുകുലം എന്നും വിളങ്ങിടുന്നു





# കുഞ്ഞനിയൻ

k _ J m^ I

രവി കാറോടിക്കുകയാണ് ..... നല്ല മഴ .... അച്ചുവും അവളുടെ അമ്മയും പിറകിലിരുന്ന് വാക്കേറ്റമാണ്. പിറന്നുവീണപ്പോൾ തുടങ്ങിയതാണ് അച്ചുവിന്റെ പിടിവാശി. കാറിന്റെ ഗ്ലാസ്സ് താഴ്ത്തിവയ്ക്കണമെന്ന് പറഞ്ഞാണ് അവൾ അമ്മയോടിപ്പോൾ വഴക്കുണ്ടാക്കുന്നത്. 'അച്ചു നല്ല തല്ല് വാങ്ങിക്കും നീയ് ..... മഴ പെയ്യണത് കണ്ടില്ലേ ..... പനി പിടിച്ച് സ്കൂളിൽ പോകാതിരിക്കാനുള്ള പരിപാടിയാ പെണ്ണിന്.' പതിവുപോലെ അച്ചു പിണങ്ങി. മഴത്തുള്ളികളെ തള്ളിമാറ്റി, കാതടപ്പിക്കുന്ന ഇടിയൊച്ചകളെ വകവയ്ക്കാതെ കാറോടിക്കുന്നതിനിടയിൽ രവി അച്ചുവിനെ ഒന്നുനോക്കി. ദേഷ്യംവന്ന് കവിളുകൾ തക്കാളിപോലെ ചുവന്നിരിക്കുന്നു. "മോളിങ്ങുവാ ..... പപ്പേടെ അടുത്തിരിക്കാം." മമ്മിയോടിനി മിണ്ടില്ലെന്ന് പറഞ്ഞ് അവൾ പപ്പയ്ക്കരുകിലിരുന്ന് കാഴ്ച കാണുകയാണ്. തിളങ്ങുന്ന കണ്ണുകൾകൊണ്ട് മഴയെ ആലിംഗനം ചെയ്യുകയാണവൾ. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് പ്രകൃതിയെ തൊട്ടനുഭവിക്കുന്ന പ്രായമാണവൾക്കിപ്പോൾ.

"എങ്ങനെയാ പപ്പാ മഴ പെയ്യണേ" 'പപ്പയ്ക്കറിയില്ല' എന്ന് പറഞ്ഞ് രവി കാറോടിക്കുകയാണ്. എന്തു ചോദിച്ചാലും പപ്പ അച്ചുവിനോടൊന്നും പറയില്ലെന്ന് അവൾക്കറിയാം. എങ്കിലും തീരില്ല അവളുടെ സംശയങ്ങൾ. മമ്മി എന്നും തിരക്കിലാണെന്നവൾക്കറിയാം. ചിലപ്പോൾ കണ്ണാടിക്കുമുമ്പിൽ ..... അതുമല്ലെങ്കിൽ ആരോടെങ്കിലും ഫോണിൽ സംസാരിച്ചുകൊണ്ടേയിരിക്കും. മമ്മിയോട് സംസാരിക്കുന്നതും അച്ചുവിന് ഇഷ്ടമല്ല. അവളുടെ കുഞ്ഞുസംശയങ്ങൾ മറച്ചുവയ്ക്കാൻ അച്ചുവിന് കഴിയില്ല.

"മനുഷ്യര് ദൈവത്തെ വേദനിപ്പിക്കുമ്പോ ദൈവം കരയുന്നതാ മഴേന്ന് ശാരദ മിസ് ഇന്നലെ ക്ലാസ്സില് പറഞ്ഞു, ശരിയാണോ പപ്പ?"

"അച്ചു, പപ്പ പറഞ്ഞിട്ടില്ലേ പപ്പ ഡ്രൈവ് ചെയ്യുമ്പോ മിണ്ടരുതെന്ന്" വീടെത്തുംവരെ അവൾപ്പിന്നെ ഒരക്ഷരം മിണ്ടിയില്ല.

അവധി ദിവസങ്ങൾ അച്ചുവിനിങ്ങനെയാണ്. വെളിയിൽനിന്ന് ഭക്ഷണം ...... കടൽക്കരയിലൂടെ ഒന്നു ചുറ്റിക്കറങ്ങി വീണ്ടും വീട്ടിലെത്തി, ഏകാന്തതയിൽ. കഴിഞ്ഞകൊല്ലം അവളുടെ കൂട്ടുകാരി എലീനയ്ക്ക് കുഞ്ഞനിയനുണ്ടായി. അന്നുതന്നെ അവൾ വീട്ടിലെത്തി തനിക്കും വാവയെ വേണമെന്ന് പറഞ്ഞ് മമ്മിയോട് വഴക്കിട്ടു. വാവയുണ്ടെ



ങ്കിൽ അച്ചുവിനോട് വഴക്കുണ്ടാക്കുമെന്നായിരുന്നു മമ്മിയുടെ മറുപടി. മമ്മി പറഞ്ഞത് ശരിയാണെന്ന് അവൾക്കും തോന്നി. എലീനയോട് എന്നും അവളുടെ അനിയൻ വഴക്കുണ്ടാക്കാറുണ്ട്. എങ്കിലും എലീനയ്ക്ക് അവളുടെ കുഞ്ഞനിയനെ വലിയ ഇഷ്ടമാണ്. അവളുടെ വീട്ടിൽപ്പോയാൽ സമയം പോകുന്നതറിയില്ലെന്ന് അച്ചു എന്നും പപ്പയോട് പറയാറുണ്ടായിരുന്നു. കുഞ്ഞനിയനു പകരമായി പപ്പ അവൾക്ക് കമ്പ്യൂട്ടർ വാങ്ങിക്കൊടുത്തു. ഇപ്പോൾ അവൾ മഴയെ ആസ്വദിക്കാറില്ല, കുഞ്ഞുസംശയങ്ങളില്ല, മമ്മിയുമായി വഴക്കുണ്ടാക്കാറുമില്ല.

പ്രകൃതിയുടെ സ്പന്ദനങ്ങൾ കണ്ടറിഞ്ഞ്, അതിനെ അനുഭവിച്ച അച്ചു മരിച്ചുകഴിഞ്ഞു! വീഡിയോ ഗെയിം അവളുടെ തോഴനാണ്. ചാറ്റിംഗ് അവളുടെ കുഞ്ഞനിയനാണ്. ഒരു അപ്പൂപ്പൻ താടിയെപ്പോലെ പറന്നുനടന്ന അവളുടെ കുഞ്ഞുമനസ്സ് ചാറ്റിംഗിന്റെ വിസ്മയലോകത്ത് പറ്റിപ്പിടിച്ചുനിൽക്കുകയാണ്. അവളുടെ വളർച്ചയും മനസ്സിന്റെ മാന്ത്രികക്കൂട്ടിലെ വികാരങ്ങളും പങ്കുവയ്ക്കാൻ കമ്പ്യൂട്ടറുണ്ട്.

തന്റെ മകളുടെ സ്വപ്നങ്ങളും ആവശ്യങ്ങളും പങ്കുവയ്ക്കാൻ, അവളുടെ വിശേഷങ്ങൾ അറിയാൻപോലും സമയമില്ല രവിക്കും മായയ്ക്കും. അവർ ജോലിത്തിരക്കിലാണ്. അച്ചുവിന്റെ ഭാവി സുരക്ഷിതമാക്കാനുള്ള നെട്ടോട്ടത്തിലാണവർ. പപ്പ ഒരു എ.റ്റി.എം. കൗണ്ടർ മാത്രമാണ് അച്ചുവിന് ....... മമ്മി ഭക്ഷണം മാത്രം വിളമ്പുന്ന ജോലിക്കാരിയും.

അച്ചു വളർന്ന് പതിനേഴുകാരിയായതും പപ്പയും മമ്മിയും അറിഞ്ഞില്ല. അവർക്കിന്നും അച്ചു വാശിപിടിച്ചു കരയുന്ന കുസൃതിക്കുട്ടിയാണ്. പ്രായത്തിന്റെ കുസൃതിത്തരങ്ങൾ ഇന്ന് അച്ചു കാണിച്ചുതുടങ്ങിയിരിക്കുന്നു. തന്റെ വീഡിയോ ചാറ്റിങ്ങിൽ സുഹൃത്തുക്കൾക്കിടയിൽ ബോയ്ഫ്രണ്ട്സും കടന്നുകൂടിയിരിക്കുന്നു. തന്റെ ലാപ്ടോപ്പിൽ ചാർജ്ജില്ലാതാകുമ്പോൾ മാത്രമാണ് അച്ചുവിന്റെ കമ്പ്യൂട്ടർ രവി ഉപയോഗിക്കുന്നത്. രാപ്പകലില്ലാതെ കമ്പ്യൂട്ടറിനു മുന്നിൽ ഇരിക്കുന്ന തന്റെ മകളോട് ഇതുവരെ രവിയും മായയും ഒന്നും ചോദിച്ചിട്ടില്ല. ഇല പൊഴിയുന്ന ശിശിരങ്ങളും പൂക്കൾ പുഞ്ചിരിച്ച വസന്തവും ഹിമകണമലിയുന്ന ഹേമന്ദവും മഴ കഥ പറഞ്ഞ വർഷവും മാറിമാറി വന്നപ്പോഴും തന്റെ മകൾ വളർന്നത് അവരറിഞ്ഞില്ല. വീഡിയോ ചാറ്റിങ്ങിൽ അവളുടെ മനസ്സിനൊപ്പം ശരീരവും പങ്കുവെച്ചന്നറിഞ്ഞപ്പോൾ തങ്ങളുടെ മകൾ കൗമാരവും കടന്ന് യൗവനത്തിലാണെന്നറിയാൻ രവിക്കും മായയ്ക്കും ഏറെ സമയം വേണ്ടിവന്നു. നഗ്നസത്യങ്ങൾ തങ്ങളുടെ മനസ്സിനെ തളർത്തിയപ്പോൾ ഇതുവരെ നൽകാത്ത സ്നേഹവും സംരക്ഷണവും കണ്ണീരായ് ഒഴുകിക്കൊണ്ടിരുന്നു.

അച്ചു പപ്പയോട് ആവശ്യപ്പെട്ടത് ഒരു കുഞ്ഞനിയനെയായിരുന്നു. അവളുടെ ജീവിതം ആനന്ദകരമാക്കാൻ പപ്പ പകരംവച്ച 'കുഞ്ഞനിയ'നെക്കൊണ്ടാവില്ലെന്ന് അവളുടെ നിഷ്കളങ്കമനസ്സിന് തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ഇപ്പോഴും എല്ലാറ്റിനും സാക്ഷികഥയായി .... ആ 'കുഞ്ഞനിയൻ' മൂലയ്ക്കിരിപ്പുണ്ട് .... ഇരുണ്ട രാത്രിയുടെ നിഗൂഢസ്മിതവുമായി .......



# വിദ്യാലയ സ്മരണകൾ

Zrb ^ m .

വിദ്യ പകർന്നു തന്നൊരെൻ വിദ്യാലയം
നന്മതൻ പാഠം ഗ്രഹിപ്പിച്ചൊരീ വിദ്യാലയം
സാഹിത്യത്തിൻ കാണാക്കയങ്ങളിലാഴ്ത്തി
ചെറുശ്ശേരി മുതൽ വള്ളത്തോൾ
കവിത്രയങ്ങളെ പ്രണമിച്ച് മഷിമുനയാൽ
കവിതയെഴുതുവാൻ പ്രേരിപ്പിച്ചൊരെൻ വിദ്യാലയം
കാറ്റിലാടുന്ന പൂമരങ്ങൾക്കു കീഴെ ചേർത്തു
നിർത്തിയെൻ ഹരിത വിദ്യാലയം
ഇടറുന്ന പാദത്തിലൂന്നിയീ തിരുമുറ്റത്തെത്തിയ
നാളറിയാതെ മിഴിയിണയിലൂറിയ നനവുള്ള
കണ്ണീരും നിനയാത്ത നേരത്തൊഴുകി
വന്നൊരു ഗുരുവിന്റെ സാന്ത്വനവും
തുണയായി തഴുകിയെൻ ജീവിതത്തിൽ

"പുഞ്ചിരി പൊഴിച്ചു കൊണ്ടോരോ ചുവടും
വെയ്ക്കുന്ന വേളയിൽ ആത്മാർത്ഥമായി
സ്വാഗതമൊഴിഞ്ഞെൻ വിദ്യാലയം
പഴയ കാലങ്ങൾ പോയ് മറഞ്ഞു
പുതിയ നാളുകൾ മാറോടണഞ്ഞു
നിറമുള്ള നിമിഷങ്ങളിൽ അറിയാതെ
വിടർന്ന സൗഹൃദവും സായാഹ്നത്തിൽ
നീണ്ട നാളുകളിൽ കൈകോർത്തു
നടന്നൊരാത്മാർത്ഥ സുഹൃത്തുമായി
രണ്ടു വർഷങ്ങൾക്കൂടിയീ വിദ്യാലയമെൻ
സ്മരണകളെ ഏറ്റുവാങ്ങാനുറച്ചു
നിൽക്കുന്ന ഹിമാലയ സാനുക്കളെപ്പോൽ
പരിശുദ്ധമെൻ വിദ്യാലയം, സ്നേഹം
പൊഴിച്ചു മാർഗ്ഗദർശികളായി നിൽക്കുമെൻ
ഗുരുനാഥരുമീ പള്ളിക്കൂടവും സർവ്വ
മംഗളം നേരുന്ന നാളുകളെനിയ്ക്കായി
ഒരുക്കി സമർപ്പിച്ചിടും കാലം"

"കരിമുകിൽ ചൂടിയ വാനിൽ
നിന്നുതിരും ജലകണങ്ങളെ നോക്കി
ഇരുൾ മൂടും പാഠ്യമുറിതൻ കോണിൽ
കൂട്ടുകാരുമൊത്തു പതുങ്ങിയിരുന്നിടും നേരം
ഇലകളിൽ സംഗീതം പൊഴിച്ചെത്തുന്ന
തഴുകിയെത്തുന്ന തെന്നലും ഇടയ്ക്കെപ്പഴോ
കടന്നു വരുന്നൊരു മാരിവില്ലും സായാഹ്നങ്ങളിലേ
മഴത്തുള്ളികളോടൊപ്പമെൻ ഓർമ്മച്ചെപ്പിൽ
തിളങ്ങി നിൽക്കുന്നു.
മഞ്ഞുതുള്ളികൾ ഇറ്റുവീഴും പ്രഭാതങ്ങളിൽ
പൂക്കൾ വാരി വിതറി വരവേറ്റൊരെൻ
വിദ്യാലയങ്കണവും വർണ്ണിച്ചു തീർത്തിടുവാൻ
പ്രയത്നിച്ചിടും വേള സാധ്യമാകുമോയെന്ന
വ്യാകുലതയെന്നുള്ളിലുയർന്നു പിടഞ്ഞിടുന്നു.
വാരികളിലെഴുതിയാൽ മതിവരാത്തയാകാലങ്ങളെ
ഹൃദയത്തിലെഴുതിയെൻ ചോര കൊണ്ട്
ഒരിക്കലുമീ സ്മരണകളെ മായാതിരിക്കാൻ
വരും കാലങ്ങളീ സ്മൃതികളയവിറക്കാൻ

"വിദ്യാലയവുമീ സുദിനങ്ങളും വിടവാങ്ങിടും
നാളുകൾ എൻ ഓർമ്മകളിൽപ്പോലും
ഹൃദയത്തിൽ വേദനയുണർത്തിടുന്നു.
ചേമ്പിലയിലൂറുന്ന വെള്ളവും കാടുകളിൽ
തൂങ്ങിയാടുന്ന കണ്ണീർത്തുള്ളിയുമെൻ
ബാല്യ കാല സ്മരണയിൽ തങ്ങി
മറഞ്ഞ നാളുകൾ പോലെയീ
നിമിഷങ്ങളും കാലങ്ങളുമെന്നിൽ
നിന്നകന്നിടും സ്മരണകളായി
തീർന്നിടുമെന്ന യാഥാർത്ഥ്യമായി ഞാനുഴറുന്നു.
എന്റെ സൗഹൃദം എന്റെ ഓർമ്മകൾ
എന്റെയോരോ സ്മൃതികളും ചുമരിൽ
പൂശിയ മഷിത്തുള്ളികൾ പോൽ
നിറഞ്ഞു കവിയുമെന്ന സത്യമെന്നിൽ
നിശ്വാസമുണർത്തിടുന്നു, ആരുമെന്നെ
തിരിച്ചറിഞ്ഞില്ലെങ്കിലുമെനിക്കറിയാമീ
കലാലയമെന്നെ ഓർക്കുമെന്ന സത്യം"



# അമ്മ

k b\ Pnk nv

**ശാ**രദാമ്മ പതിവിലും നേരത്തെ  ഉണർന്നു തെങ്ങിൻ തോപ്പിലേക്ക് തുറന്നു കിടന്ന ജനാലയ്ക്കരികിൽ കൗതുകത്തോടെ നോക്കി നിന്നു. എന്നും  കാണുന്ന തെങ്ങിൻ തോപ്പിന് ഇന്നെന്തോ പുതുമ പോലെ. അവർ എന്നും ഒറ്റയ്ക്കായിരുന്നു. പിച്ചവയ്ക്കുന്നതിനു മുമ്പേ അച്ഛനും അമ്മയും മരിച്ചപ്പോൾ തുടങ്ങിയ ഏകാന്തത. വിവാഹം കഴിഞ്ഞ് ഒരാൺകുട്ടിയെയും തന്ന് ഭർത്താവ് നഗരത്തിന്റെ തിരക്കിലൂടെ അലിഞ്ഞുപോയപ്പോൾ പിന്നെയും തനിച്ച്. ഡോ.ഡേവിഡ് തനിക്ക് അർബുദമാണെന്ന് സ്ഥിതീകരിച്ചപ്പോൾ പിന്നീടുള്ള ജീവിതത്തിൽ ഇരുട്ട് വീണു തുടങ്ങി. ഇനി ജീവിതത്തിലേക്ക് തിരിച്ച് വരാൻ 20 ശതമാനം മാത്രമുള്ളൂന്ന് ഡോ.ഡേവിഡിന്റെ വിധി എഴുത്ത് . ദീപുമോനെ ആവോളം പഠിപ്പിക്കാൻ ശാരദാമ്മയ്ക്ക് ആവേശമായിരുന്നു. അവസാനം പഠിപ്പു തീർന്നപ്പോൾ വിദേശത്ത് ജോലിക്കു പോവുകയാണെന്ന് അവൻ പറഞ്ഞപ്പോൾ ഏകാന്തതയുടെ കനൽ വീണ കണ്ണുകളിൽ എവിടെയോ ഒരു നനവുമാത്രം.

മൂന്ന് വർഷങ്ങൾക്ക് മുമ്പ് ഒരു മെസേജ് വന്നിരുന്നു. അവന്റെ വിവാഹം കഴിഞ്ഞുവത്രേ. ഒറ്റ മകന്റെ വിവാഹം പെറ്റമ്മയെ അറിയിക്കാതെ കഴിഞ്ഞുവെന്നറിഞ്ഞ് ഇവിടെ ഏകാന്തതയിൽ ഇരുന്ന് ആശീർവദിച്ചപ്പോഴും ഏകാന്തതയുടെ നിഴൽ പടർന്നിരുന്നു. നരവീണു തുടങ്ങിയ മുടിയിഴകളും ചുളിവു വീണു തുടങ്ങിയ മുഖവും ഇന്ന് കുറച്ച് പ്രസന്നമായിരിക്കുന്നു.

കാരണം മൂന്ന് വർഷത്തിന് ശേഷം അവന്റെ മെസേജ് വന്നിരിക്കുന്നു. മറ്റന്നാൾ അവൻ വരികയാണെന്ന്. തിരികെ അമ്മയേയും കൂട്ടി പോവാൻ. മൂകതയും അർബുദവും ഇരുൾ വീഴ്ത്തിയ രാപകലുകൾ. ശാരദാമ്മ എല്ലാം മറന്ന് ഒരു കൊച്ചുകുട്ടിയെപ്പോലെ വീടിനുള്ളിൽ ഓടുകയായിരുന്നു. ശാരദാമ്മയുടെ ചിന്തകളെ ഉണർത്തി തെങ്ങുംതോപ്പിലെ ഓലയിൽ ഒരു ഓലേഞ്ഞാലി ആടിച്ചിലച്ചു. പെട്ടെന്നവരുടെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി. മകനോടും മറ്റുള്ളവരോടും മറച്ചുവെച്ച അർബുദം എന്ന സത്യം മകനറിയുമ്പോൾ? സാരമില്ല ജീവിത സായാ

ഹത്തിൽ മകന്റെയും കൊച്ചുമക്കളുടെയും തണലിൽ അമേരിക്കയിലെ ചികിത്സയും ഓർത്തപ്പോൾ ശാരദാമ്മയുടെ കണ്ണിൽ എവിടെയോ ആനന്ദാശ്രു പൊഴിഞ്ഞു. ഡോ. ഡേവിഡിനെ അറിയിച്ചപ്പോഴും സന്തോഷമായിരുന്നു. വിദേശത്തെ ചികിത്സ കൊണ്ട് ഭേദമാകുമെന്നാണ് പറഞ്ഞത്.

മുറ്റത്ത് മണൽ ഞെരിയുന്ന ശബ്ദം ഒരു ടാക്സിയാണ്. ശാരദാമ്മ പൂമുഖത്തേയ്ക്ക് ഓടിചെന്നു. അതെ അവൻ തന്നെയാണ്. ദീപുമോൻ. കൂടെ ഒരാൾ ജീൻസും ഇറുകിയ ടോപ്പും ഹൈഹീൽ ചെരിപ്പും സ്ട്രൈറ്റ് ചെയ്ത മുടിയുമുള്ളവർ. ചുവന്ന ലിപ്സിറ്റിക്കിട്ട ചുണ്ടുകാട്ടി വെളുക്കെ ചിരിച്ചു. വീടിനുള്ളിലേക്ക് കടന്നപ്പോൾ വിദേശ പെർഫ്യൂമിന്റെ മണം ചുവരുകളിൽ തങ്ങി നിന്നു.

അമ്മേ അതിരാവിലെ ഉണരണം. ഫ്ളൈറ്റ് ടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ട്. രാത്രിയിൽ തന്നെ സാധനങ്ങൾ പായ്ക്ക് ചെയ്യണം. ശാരദാമ്മ അകത്തേക്ക് ചെന്ന് ആകെയുള്ള അഞ്ചേക്കർ തെങ്ങുംതോപ്പിന്റെയും കുറച്ചുള്ള പാടത്തിന്റെയും പുരയിടത്തിന്റെയും (മകന്റെ പേരിലെഴുതി വച്ച) പ്രമാണം തിരികെ വന്ന് മകന്റെ കൈകളിൽ കൊണ്ടേൽപിച്ചു. അയാൾ വാങ്ങുന്നതിനു മുമ്പ് ഭാര്യ അതുവാങ്ങി പെട്ടിയിലാക്കി. ശാരദാമ്മ ആർദ്രമായ കണ്ണുകളോടെ മകനോടു പറഞ്ഞു. ദീപുമോനെ കഴിഞ്ഞ 3 വർഷമായി ഡോ. ഡേവിഡിന്റെ ചികിത്സയിലാണ് ഞാൻ എനിക്ക് അർബുദമാണ്. സാരമില്ല നിന്നെ കണ്ടപ്പോൾ എന്റെ പകുതി അസുഖവും ഭേദമായി വിദേശത്തുള്ള ചികിത്സയും കൂടിയാകുമ്പോൾ പൂർണമായും ഭേദമാകും. എനിക്ക് കുട്ടികളെ കാണാൻ കൊതിയാകുന്നു. പെട്ടെന്ന് അയാളുടെ ഭാര്യ അയാളെയും വിളിച്ച് അകത്തേയ്ക്ക് പോയി. ശാരദാമ്മയും മുറിയിലേക്ക് പോയി ഉറങ്ങാൻ കഴിയുന്നില്ല. എന്താണ് അവർ പറയുന്നത് എന്നെ അവർ കൊണ്ടുപോവില്ലേ? ജീവിതാവസാനവും ഞാൻ തനിച്ചാണോ?



ദീപുവിനോട് അവൾ പറയുന്നത് കേൾക്കാമായിരുന്നു. നിങ്ങളല്ലേ പറഞ്ഞത് വീട്ടിൽ കുട്ടികളെ നോക്കാനും വീട്ടുജോലികൾ ചെയ്യാനും ഇനി അമ്മയെ വിളിച്ചോണ്ട് വരാന്ന്. ഇതിപ്പോൾ അമ്മയേയും നോക്കേണ്ട ഗതികേടാണല്ലോ വന്നിരിക്കുന്നത്.

ശാരദാമ്മ എപ്പോഴോ മയങ്ങാൻ തുടങ്ങിയപ്പോൾ വാതിലിൽ മുട്ടുകേട്ടു. മരുമോളാണ്. ആവശ്യമുള്ളതെല്ലാം പായ്ക്ക് ചെയ്തോളൂ അമ്മേ, രാവിലെ തന്നെ പോകണം. ഒരു നിമിഷം കൊണ്ട് ശാരദാമ്മ എല്ലാം മറന്നു.

വീടു പൂട്ടി ടാക്സിയിൽ കയറാൻ തുടങ്ങുമ്പോൾ മീൻകാരൻ അബൂക്ക ചോദിച്ചു. എന്താ ശാരദാമ്മേ ഞങ്ങളെ ഒക്കെ വിട്ട് വിമാനത്തിൽ കയറി പോവുകയാണോ? മറുപടി പറയാൻ അവസരം കൊടുക്കാതെ ആ ടാക്സി മുറ്റത്തെ മണൽ ഞെരിച്ച് കടന്നുപോയി. വൃദ്ധസദനത്തിലെ തടിച്ച രജിസ്ട്രറിൽ ഒപ്പിടുമ്പോൾ വിറയാർന്ന കൈകളും നിറഞ്ഞുതുളുമ്പിയ കണ്ണുകളുമായി ശാരദാമ്മ മകനെ നോക്കി. അയാളുടെ ഭാര്യ പറഞ്ഞു. അമ്മേ ദീപുവേട്ടന് അവിടെ തിരക്കാണ്. അമ്മയുടെ അസുഖത്തിന് ചികിത്സിക്കാനും അമ്മയുടെ കാര്യങ്ങൾ നോക്കാനും ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ഇവിടെയാവുമ്പോൾ ഇവർ നന്നായി നോക്കിക്കോളും.

എയർപോർട്ടിലേക്ക് പായുന്ന ടാക്സിയെ നോക്കി വൃദ്ധസദനത്തിന്റെ ജനാലയിൽ താങ്ങി ശാരദാമ്മ ഒന്നു നെടുവീർപ്പിട്ടു. ആരുടെയോ കൈപിടിച്ച് ഇരുണ്ട ഇടനാഴിയിലൂടെ നടക്കുമ്പോഴും ശാരദാമ്മ ദൈവത്തോട് പ്രാർത്ഥിച്ചു. എന്റെ ദീപുമോൻ ഒരിയ്ക്കലും ഒറ്റപ്പെടരുതേ.



# ഓർമ്മകളുടെ പൂക്കാലം

ആസിയാ അബ്ബാസ്


മനസ്സിന്റെ മുഗ്ദ്ധമാം താളുകളിൽനിന്നും
മധുരമാമൊരുപിടി ഓർമ്മകൾ കൂടി
മയിൽപ്പീലി വിടരുന്ന സുന്ദരരൂപം പോൽ
മിഴികൾ തുറക്കുന്നു വീണ്ടും വീണ്ടും
മധുമഴ പൊഴിക്കുമാ ബാല്യത്തിനോർമ്മകൾ
വിടരും മുകുളങ്ങൾ പോലാത്മാവിലുണരുന്നു.
പിച്ചള കളിപ്പാട്ടത്തിലൊന്നിൽ നിറയെ
മുത്തുമണികളാം മണൽത്തരികൾ നിറച്ചതും
ചന്ദനഗന്ധമൂറുന്ന പുഷ്പവാടിയിലൂടെ
ഞാൻ പിച്ചവെച്ചു നടന്നതും
ഒരു കുഞ്ഞുമരത്തിനൊക്കത്തേറി
തുള്ളിത്തുളുമ്പി ആടിക്കളിച്ചതും
മനസ്സിന്റെ സുന്ദരമാം താളുകളിൽനിന്നും
വിരിയുന്ന പുഞ്ചിരി പൂമൊട്ടുകളെന്നെന്നും
ഒരുപിടി ഓർമ്മയായ് വിരിയുന്നു എന്നു-
മെൻ മനസ്സിൻ പുസ്തകത്താളുകളിൽ
ഇനിയും വിടരുന്ന മുകുളങ്ങളൊക്കെയും
കൊഴിയാതെ നിൽക്കുവാൻ കേഴുന്നു നാഥാ .....

# തിരിച്ചറിവ്

സുമിൻ ഫാത്തിമ

**രാ**വിലെ നേരത്തെതന്നെ ഓഫീസിലേയ്ക്ക് ചെല്ലാൻ ഒരുങ്ങുന്ന തിരക്കിലായിരുന്നു രാധിക. കണ്ണാടിക്കുമുന്നിൽ നിൽക്കുമ്പോഴും തൊട്ടപ്പുറത്തെ മേശപ്പുറത്തിരിക്കുന്ന വാരികയിലായിരുന്നു അവളുടെ നോട്ടം. സാരി പിൻ ചെയ്തു കഴിഞ്ഞപ്പോൾ അവളൊന്ന് നിശ്വസിച്ചു. റെഡ് ബോർഡറുള്ള സാരിയിൽ വൈറ്റും ബ്ലാക്കും മിക്സ് ചെയ്തുള്ള പൂക്കളുള്ള സാരിയാണ് അവളുടുത്തിരുന്നത്. ആ നിറം അവൾക്ക് നന്നായി ഇണങ്ങിയിരുന്നു. അപ്പോഴാണ് ചിന്നു കരഞ്ഞുകൊണ്ട് അവളുടെ അടുത്തേയ്ക്ക് വന്നത്, “എനിക്ക് മിനിച്ചേച്ചിയുടെ അടുത്തേയ്ക്ക് പോകണം മമ്മീ, വാ പോകാം” ചിന്നു കരച്ചിൽ തുടർന്നു.

“വരാം മോളെ, മമ്മി ഒന്നു മുടി ചീകിക്കോട്ടെ” മുടി ചീകി ഒതുക്കിക്കഴിഞ്ഞപ്പോൾ അവൾ കണ്ണാടിക്കു മുന്നിൽനിന്ന് ഒന്നു മന്ദഹസിച്ചു. പിന്നീട് മേശപ്പുറത്തെ വാരികയെടുത്ത് തിടുക്കത്തിൽ മറിച്ചുവിട്ടു. ഒരു പേജ് എത്തിയപ്പോൾ നോവലിന്റെ തലക്കെട്ട് അവൾ പതിയെ വായിച്ചു – ‘മഞ്ഞണിക്കൊമ്പിൽ’ – എസ്. ജയകൃഷ്ണൻ. വീണ്ടും വീണ്ടും അത് വായിക്കാൻ അവൾക്കു തോന്നി. ഒരു വർഷമായിട്ട് നോവലിസ്റ്റ് ജയകൃഷ്ണനെ അവൾ ആരാധിക്കുകയാണ്. സ്ഥിരമായി അയാളുടെ നോവലുകളൊക്കെ അവൾ വായിക്കാറുണ്ട്. പെട്ടെന്ന് അവളുടെ മൊബൈൽ ബെല്ലടിച്ചു. തിടുക്കത്തിൽ അവൾ അതെടുത്തു. “ഹലോ, നീ ഇറങ്ങിയോ?” മറുതലയ്ക്കൽ പതിഞ്ഞ സ്വരം. “ഇല്ല, ദേ ഇറങ്ങുവാ ..... ചിന്നുമോളെ മിനിയുടെ അടുത്ത് കൊണ്ടുവിടണം.”



“ങാ, ശരി” ഹരി രാധികയുടെ ഭർത്താവാണ്. ഒരു സോഫ്റ്റ്‌വെയർ ഐ.റ്റി. കമ്പനിയിലെ ഉദ്യോഗസ്ഥനാണ്. ഇവർക്ക് നാല് വയസ്സുള്ള ഒരു മകളുണ്ട്, ചിന്നു. രാധിക വേഗം വാതിൽ ലോക്ക് ചെയ്ത് ചിന്നുവിനെയുംകൊണ്ട് കാറിൽ കയറി. പിന്നെ വേഗത്തിൽ കാർ പാഞ്ഞു.

മിനി രാധികയുടെ സഹോദരിയാണ്. ഓഫീസിൽ പോകുമ്പോൾ രാധിക ചിന്നുവിനെ മിനിയുടെ അടുത്ത് ഏല്പിച്ചിട്ടാണ് പോകുന്നത്.

ഓഫീസിന്റെ പടികൾ കയറുമ്പോൾ അവൾക്കെന്തോ ദേഷ്യം തോന്നി. തീരെ ഇഷ്ടമില്ലാത്ത ഒരു ജോലിയാണ് അവൾക്കിത്. എന്നാൽ ജോലി അവസാനിപ്പിച്ച് വീട്ടിലിരിക്കുന്നത് ഹരിക്ക് ഇഷ്ടമല്ല. സീറ്റിൽ ചെന്നിരുന്നപ്പോഴും വീട്ടിലെ വാരികയിലായിരുന്നു അവളുടെ മനസ്സ്. ജയകൃഷ്ണൻ എന്ന എഴുത്തുകാരനിലായിരുന്നു അവളുടെ മനസ്സ്. ഓഫീസിലെ മുഴുവൻ സ്റ്റാഫുകൾക്കും ഈ ഇഷ്ടം അറിയാമായിരുന്നു. പ്രണയമാണോ അതോ വെറും ആരാധനയാണോ എന്നവൾക്കുപോലും അറിയില്ല. ഇങ്ങനെയൊരിഷ്ടം കാരണം അവൾക്ക് ഹരിയോടും ചിന്നുവിനോടും ഒരു താല്പര്യവുമില്ല.

ഉച്ചയ്ക്ക് ലഞ്ച് കഴിക്കാൻ തുടങ്ങിയപ്പോൾ ഹരിയുടെ കോൾ വീണ്ടും വന്നു. ആദ്യം അവൾ എടുത്തില്ല. വീണ്ടുമടിച്ചപ്പോൾ കുറച്ച് ദേഷ്യത്തോടെയാണെങ്കിലും അവൾ കോൾ എടുത്തു.

“എന്താ ഹരി, ലഞ്ച് കഴിച്ചോ?”

“ഇല്ല ദേ തുടങ്ങാൻ പോവ്വാ. പിന്നെ .... ഞാൻ കഴിഞ്ഞാഴ്ച പറഞ്ഞ സർപ്രൈസിന്റെ അവധി നീട്ടിതരണം. 16-ാം തീയതിയിലേയ്ക്ക് .... എന്താ? ഒ.കെ.”

“ങാ ... ശരി ....” മറുതലയ്ക്കൽ ഫോൺ കട്ട് ചെയ്തു. അവൾക്ക് തീരെ താല്പര്യമില്ലെങ്കിലും താല്പര്യം പ്രകടിപ്പിക്കാൻ ശ്രമിച്ചു. അവളപ്പോഴാണ് അതിന്റെ കാര്യം ഓർത്തത്. അടുത്താഴ്ച ഒരു സർപ്രൈസ് തരാമെന്ന് ഹരി പറഞ്ഞിരുന്നു. ഓ, അതിപ്പം എന്നാ സർപ്രൈസാ? വല്ല സാരിയോ, ഓർണമെന്റ്സോ ആയിരിക്കും. രാധിക ലഞ്ച് സീറ്റിൽനിന്നും അനിഷ്ടഭാവത്തിൽ എഴുന്നേറ്റു പോയി. സീറ്റിൽ ചെന്നിരുന്ന് മൊബൈൽ എടുത്തു നോക്കിയപ്പോഴാണ് കണ്ടത്, ആറ് മിസ്ഡ് കോൾസ്! പുതിയ നമ്പരാണ്. അവൾ വേഗം ആ നമ്പരിലേയ്ക്ക് തിരിച്ചുവിളിച്ചു: “ഹലോ, is this 9846808050”

മറുതലയ്ക്കൽ - “യെസ് .... രാധികയല്ലേ?”

“അതെ .... നിങ്ങളാരാ?” രാധിക തിടുക്കത്തിൽ ചോദിച്ചു.

“ഞാൻ രാധികയ്ക്ക് വേണ്ടപ്പെട്ട ആളാണ്. തനിക്ക് എന്നെ അറിയാം.”

അവളൊന്ന് അമ്പരന്നു. “ഇല്ല, എനിക്കറിയില്ല. നിങ്ങളാരാ?”

“ഞാൻ ഒരു എഴുത്തുകാരനാണ്. പേര് ജയകൃഷ്ണൻ” രാധിക ഞെട്ടിപ്പോയി. നെഞ്ചിനകത്തൊരു ബോംബ് പൊട്ടിയതുപോലെ ......... വീണ്ടും മറുതലയ്ക്കൽ സംസാരം തുടങ്ങി “താൻ പേടിക്കേണ്ടെടോ. താൻ എന്റെ വലിയ ആരാധികയാണെന്ന് എനിക്കറിയാം. അതാണ് തന്റെ ഫ്രണ്ട് എനിക്കീ നമ്പർ തന്നത്. ആളാരാണെന്ന് മാത്രം പറയില്ല. സോ ..... ഒ.കെ. വർക്ക് തുടങ്ങാൻ ടൈം ആയില്ലേ? ഞാൻ വീണ്ടും വിളിക്കും. ബൈ ....” മറുതലയ്ക്കൽ ഫോൺ കട്ട് ചെയ്തിട്ടും രാധിക അങ്ങനെതന്നെ ഇരുന്നതേയുള്ളൂ. ജീവിതത്തിൽ ഒരിക്കലും ..... സ്വപ്നത്തിൽപ്പോലും വിചാരിക്കാത്ത

കാര്യം ഇതാ നടന്നുകഴിഞ്ഞിരിക്കുന്നു. അവൾക്ക് എന്തു ചെയ്യണമെന്നു അറിയില്ലാത്തതുപോലെ ഫോണിൽ അവിടെയുമിവിടെയും പിടിച്ച് അമർത്തിക്കൊണ്ടിരുന്നു. മനസ്സിൽ ഒരുപാട് സന്തോഷം തോന്നി. എന്തിനെന്നറിയില്ല വീണ്ടും ആ കോൾ അവളുടെ മനസ്സ് പ്രതീക്ഷിച്ചു.

വൈകുന്നേരം ചിന്നുവിനേയും വിളിച്ചുകൊണ്ട് വീട്ടിലേയ്ക്ക് ചെന്നതേ അവളാ വാരിക എടുത്തുനോക്കി. വീണ്ടും ആ പേര് മനസ്സിൽ മന്ത്രിച്ചു. അപ്പോൾ പുറത്ത് ഒരു കാർ വന്നുനിന്നു. അത് ഹരിയാണെന്ന് അവൾക്കു മനസ്സിലായി. മോൾ പപ്പാ എന്നു വിളിച്ചുകൊണ്ട് ഹരിയുടെ അടുത്തേയ്ക്ക് ഓടിച്ചെന്നു. രാധിക അപ്പോൾ തിടുക്കത്തിൽ ടൗവ്വലും എടുത്തുകൊണ്ട് ബാത്റൂമിലേയ്ക്ക് കയറി. അപ്പോഴും ആ കോളിനെക്കുറിച്ച് തന്നെയായിരുന്നു അവളുടെ ചിന്ത.

പിറ്റേന്ന് രാവിലെ തന്നെ ജോലികളൊക്കെ തീർത്ത് മോളേയും ഒരുക്കി അവൾ ഹരിക്കൊപ്പംതന്നെ ഓഫീസിലേയ്ക്ക് പോകാൻ ഇറങ്ങി. അവൾ തലേദിവസം ഹരിയോട് പറഞ്ഞിരുന്നു ഓഫീസിൽ ഒരുപാട് വർക്കുണ്ട്, നേരത്തെ ചെല്ലണം. മൂന്നുപേരും ഒരുമിച്ച് കാറിൽ മിനിയുടെ വീട്ടിലേയ്ക്ക് തിരിച്ചു.

ഓഫീസിലെത്തിക്കഴിഞ്ഞപ്പോൾ രാധികയ്ക്ക് വലിയ സന്തോഷം തോന്നി. അവൾ വേഗം മൊബൈലെടുത്ത് ആ നമ്പരിലേയ്ക്ക് വിളിച്ചു. ആദ്യത്തെ ബെല്ലിനുതന്നെ ഫോൺ എടുത്തു, “ഹലോ, ഗുഡ് മോണിങ് .... എനിക്കുതോന്നി താൻ ഇങ്ങോട്ടു വിളിക്കുമെന്ന്.”

“ഓ .... വിളിക്കാൻ തോന്നി. അതുകൊണ്ട് വിളിച്ചതാണ്” രണ്ടുപേരും വളരെ നേരം ഫോണിൽ സംസാരിച്ചു. ആ വിളിയിലൂടെ രണ്ടുപേരും വളരെ അധികം അടുത്തു.

അപ്പോൾ ഹരി നേരെ പോയത് ഓഫീസിലേയ്ക്കായിരുന്നില്ല. മഞ്ചാടി (രാധിക സ്ഥിരം വായിക്കുന്ന വാരിക)യുടെ പ്രസ്സിലേയ്ക്കായിരുന്നു. അവിടുത്തെ പത്രാധിപർ ഹരിയുടെ സുഹൃത്തായിരുന്നു. ഹരിയെ കണ്ടതും സുഹൃത്ത് ചിരിച്ചുകൊണ്ടു ചോദിച്ചു, “നീ ഇപ്പഴാണോ വരുന്നത്, അവാർഡ് ഡേറ്റ് 16 തന്നെയാണ്.”

“അതേയോ? താങ്ക്സ് ഗോഡ്” അയാൾ മുകളിലേയ്ക്ക് ഒന്നു നോക്കി.

“രാധിക സ്നേഹിക്കുന്ന ജയകൃഷ്ണൻ എന്ന എഴുത്തുകാരൻ നീ തന്നെയാണെന്ന് അവളോട് പറഞ്ഞോ?” സുഹൃത്ത് ചിരിച്ചുകൊണ്ട് ഹരിയോട് ചോദിച്ചു. (അയാളുടെ ‘മഞ്ഞണിക്കൊമ്പിൽ’ എന്ന നോവലിന് ഒരു പുരസ്കാരം മഞ്ചാടി വാരിക അറേഞ്ച് ചെയ്തിരുന്നു).

“ഏയ് ഇല്ല .... 16-ാം തീയതി അവൾക്കൊരു സർപ്രൈസ് കൊടുക്കുന്നുണ്ട് എന്ന് ഞാൻ പറഞ്ഞിരുന്നു. ഇതാണെന്ന് ഞാൻ പറഞ്ഞില്ല” ഹരി പറഞ്ഞു. അതവൾക്കൊരു ഷോക്ക് ആയിരിക്കും. ഹരിയുടെ മുഖം സന്തോഷം കൊണ്ട് നിറഞ്ഞു. പിന്നെ ഹരി അവിടെനിന്നുമിറങ്ങി ഓഫീസിലേയ്ക്ക് പോയി.

വൈകുന്നേരം രാധിക നേരത്തെ വീട്ടിലെത്തിയിരുന്നു. അവ

ളുടെ ചിന്ത മുഴുവൻ ആ ഫോൺ വിളിച്ച ആളെക്കുറിച്ചായിരുന്നു. വൈകുന്നേരം മൂന്ന് മണിയാകുമ്പോൾ വിളിക്കാമെന്ന് പറഞ്ഞിരുന്നു. അവൾ ഫോണിന്റെ ചുവട്ടിൽ കാവലിരിക്കുകയായിരുന്നു. പെട്ടെന്ന് കോൾ വന്നു. അവൾ ശരവേഗത്തിൽ കോൾ അറ്റൻഡ് ചെയ്തു. "ഹലോ, ഞാൻ പറഞ്ഞ കാര്യം എന്തായി?" മറുതലയ്ക്കൽനിന്നും അയാൾ ചോദിച്ചു.

16–ാം തീയതി ബുധനാഴ്ച അയാളുടെ കൂടെ 'ഒന്നു കറങ്ങണം' എന്നു പറഞ്ഞിരുന്നു. 'ഒ.കെ. ഞാൻ വരാം' അത്രയും പറഞ്ഞ് അവൾ ഫോൺ കട്ട് ചെയ്തു.

രണ്ടു ദിവസത്തിനുശേഷം 16–ാം തീയതി ബുധനാഴ്ച രാവിലെ ...... ഇന്ന് ചിന്നുമോളെ ഹരിയോട് കൊണ്ടു ചെന്നാക്കാൻ രാധിക നേരത്തെ പറഞ്ഞിരുന്നു. അപ്പോൾ തലേദിവസം ഹരി അവളോട് ഒരു കാര്യം പറഞ്ഞിരുന്നു. ഓഫീസിൽ ഉച്ചകഴിഞ്ഞ് ലീവ് എടുത്തിട്ട് തന്റെ ഓഫീസിലേയ്ക്ക് വരണമെന്ന് ഹരി ആവശ്യപ്പെട്ടിരുന്നു. രാധിക അപ്പോഴത് സമ്മതിച്ചുകൊടുക്കുകയും ചെയ്തു.

ഹരി ഓഫീസിലേയ്ക്ക് പോയപ്പോൾ രാധിക പുറത്തേയ്ക്കിറങ്ങി. വണ്ടിയെടുത്തില്ല. അയാൾ കെ.കെ. റോഡിന് അടുത്തുള്ള പാർക്കിൽ കാത്തുനിൽക്കാം എന്നാണ് പറഞ്ഞത്. അവൾ വേഗം അങ്ങോട്ടേയ്ക്ക് നടന്നു. അവിടെയെത്തിയപ്പോഴേയ്ക്കും 'അയാൾ' നിൽപ്പുണ്ടായിരുന്നു. ആർക്കും ശ്രദ്ധ കൊടുക്കാതെ അവൾ വേഗം കാറിലേയ്ക്ക് കയറി. ശരവേഗത്തിൽ ആ കാർ കെ.കെ. റോഡിലൂടെ പാഞ്ഞുപോയി.

രണ്ടു മണി മുതൽ ഹരി രാധികയെ കാത്തിരിക്കുകയായിരുന്നു. മൂന്ന് മണിക്കാണ് അവാർഡ് ദാനം. 'മഞ്ചാടി'യുടെ പത്രാധിപർ ഹരിയുടെ കൂടെത്തന്നെ രാധികയെ വെയ്റ്റ് ചെയ്ത് നിൽക്കുകയായിരുന്നു. മൊബൈലിലേയ്ക്ക് വിളിച്ചുനോക്കിയപ്പോഴും സ്വിച്ച് ഓഫ് ആണ്. അവസാനം ഹരിയും സുഹൃത്തും അവാർഡ് ദാനച്ചടങ്ങ് നടക്കുന്ന സ്ഥലത്തേയ്ക്ക് പോയി. അവിടെ ചെന്നപ്പോഴും അയാൾ രാധികയെക്കുറിച്ച് ഓർത്തുകൊണ്ടിരുന്നു. തനിക്ക് അർഹമായ ആ പുരസ്കാരം ഇരുകയ്യും നീട്ടി വാങ്ങുമ്പോഴും അയാൾ രാധികയെ ഓർത്തു. എന്നാൽ അതേസമയം രാധിക....?

# എന്റെ ഗുരുനാഥൻ


അൻസിന എം. ഹാറൂൺ

**ഗു**രു എന്ന സംസ്കൃതപദത്തിന്റെ അർത്ഥം ഇരുട്ടിനെ അകറ്റുന്നവൻ എന്നാണ്. അജ്ഞതയുടെ ഇരുട്ടിനെ അകറ്റി ജ്ഞാനത്തിന്റെ തിരികൊളുത്തുന്നവൻ നല്ല അധ്യാപകൻ.

അധ്യാപനം എന്ന കലക്ക് മനുഷ്യരാശിയോളം തന്നെ പഴക്കമുണ്ട്. കാല, രാഷ്ട്രഭേദമില്ലാതെ എത്രയോ വർഷങ്ങളായി നടന്നു വരുന്ന ഒരു പ്രക്രിയയാണിത്. പല കോലത്തിലും പലരൂപത്തിലും ഏത് നാഗരിക സമൂഹത്തിലും  അധ്യാപനം/ അധ്യാപകൻ ആദരണീയനായാണ് ഗണിക്കപ്പെട്ടിരിക്കുന്നത്. ഇന്നും അതെ അധ്യാപകൻ എന്നത് ഒരു നല്ല സമൂഹത്തിന്റെ വളർച്ചയുടെ അവിഭാജ്യ ഘടകമാണെന്ന് ചുരുക്കം.

ഇന്നത്തെ വിദ്യാഭ്യാസ ചുറ്റുപാടിൽ ഒരു പക്ഷേ വിദ്യാർത്ഥികൾ മാതാപിതാക്കളേക്കാൾ ഇടപെടുന്നത് അധ്യാപകരോടായിരിക്കും. അതുകൊണ്ട് തന്നെ മാതാപിതാക്കളേക്കാൾ കൂടുതൽ ഉത്തരവാദിത്വം അധ്യാപകൻ വിദ്യാർത്ഥിയോട് കാണിക്കൽ നിർബന്ധമായി മാറുന്നു. ഏത് നിലക്കും അധ്യാപകൻ അനുകരണീയനായി മാറൽ വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിന്റെ അനിവാര്യ ഘടകമാണ്.

മനുഷ്യന്റെ ചിന്താ മണ്ഡലത്തിൽ സ്വാധീനം ചെലുത്തിയ ധാരാളം ഗുരുനാഥന്മാർ ഇന്നും കാലത്തെ അതിജയിച്ച് അനശ്വരരായി നിലകൊള്ളുന്നു. പുരാതന ചിന്തകന്മാരും - അതായത് മനുഷ്യന്റെ ചരിത്രം കൃത്യമായി രേഖപ്പെടുത്താൻ തുടങ്ങിയ കാലം മുതൽ ചിന്തകന്മാരും പ്രവാചകവര്യന്മാരും മഹത്തുക്കളും എല്ലാം അക്കൂട്ടത്തിൽ പെട്ടവരാണ്. സാങ്കേതികാർത്ഥത്തിൽ ഇന്നു കരുതപ്പെടുന്നതു പോലെയുള്ള അധ്യാപകരായിരുന്നില്ല അവർ. എങ്കിലും അവർ ജനിച്ചതിനു ശേഷമുള്ള സകല മനുഷ്യർക്കും  ഗുരുനാഥന്മാരാണ് അത്തരമാളുകൾ. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, യേശു, മുഹമ്മദ് നബി, ഫാറൂഖ് ഉമർ അങ്ങനെ ധാരാളം ആളുകൾ അവർ തങ്ങളുടെ പിൻഗാമികളായ ഒരു കൂട്ടം മാതൃകാ മനുഷ്യരെ സൃഷ്ടിച്ചു എന്നുള്ളതാണ് വലിയ കാര്യം. ഭരണകർത്താക്കളും,  എഴുത്തുകാരും, പ്രബോധകരും, ചിന്തകന്മാരും



ഒക്കെയായിരുന്നിട്ടും ആളുകൾക്ക് ധാരാളം നന്മ പകർന്നു നൽകിയവർ എന്ന നിലയിലാണ് ലോകം അവരെ 'ഗുരുനാഥന്മാർ' എന്ന മഹത്തായ സ്ഥാനം നൽകി ആദരിക്കുന്നത്.

അധ്യാപനം എന്നത് കേവലം തൊഴിലോ ഉപ ജീവന മാർഗമോ മാത്രം ആയി കാണേണ്ട സംഗതി യല്ല എന്നാണ് പറഞ്ഞുവരുന്നത്. മുൻഗാമികൾ കാണിച്ചു തന്നതും അങ്ങനെയായിരുന്നില്ല എന്ന് വ്യക്തം. തങ്ങ ളുടെ വിദ്യാർത്ഥികളെ 'സബ്ജക്റ്റിൽ' മാത്രം മിടുക്ക രാക്കാൻ ശ്രമിക്കുന്ന ദുരവസ്ഥയാണ് നിർഭാഗ്യവശാൽ ഇന്ന് കാണാൻ സാധിക്കുന്നത്. തീർച്ചയായും അവർ പഠനത്തിൽ മികവ് പുലർത്തണം എന്ന വസ്തുത അംഗീ കരിച്ച് കൊണ്ട് തന്നെ പറയട്ടെ, ഒരു സ്കൂളിലെ മുഴു വൻ വിദ്യാർത്ഥികളും ഏതു നിലക്ക് പരിശ്രമിച്ചാലും ഉന്നതമേഖലയിൽ എത്തുകയെന്നതോ മികച്ച ജീവിത രീതി കൈവരിക്കുകയെന്നതോ ഒരിക്കലും സാധ്യമല്ല. അധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളെ പഠന നില വാരത്തിൽ മുന്നോട്ടുകൊണ്ടുവരുന്നതിനേക്കാൾ പ്രാധാന്യം അവരുടെ സ്വഭാവ രൂപീകരണത്തിന് നൽക ണം. കാരണം ഏത് ജീവിത സാഹചര്യങ്ങളായാലും അതവർക്ക് അനുകൂലമായി മാറുന്നത് ഉന്നത സ്വഭാവ മഹിമ പുലർത്തുമ്പോഴാണ്. എന്നാൽ ഇന്നത്തെ സ്കൂളിലെ അവസ്ഥ നോക്കൂ പഠനത്തിൽ നല്ല നില വാരം പുലർത്തുന്ന വിദ്യാർത്ഥി അല്പം 'തരികിട' യാണെങ്കിലും പ്രശ്നമല്ല. നല്ല സ്വഭാവഗുണം പുലർത്തുന്ന വിദ്യാർത്ഥിയെ തീർച്ചയായും അധ്യാപ കർ അഭിനന്ദിക്കണം. മുൻഗാമികൾ മുൻഗണന കൊടു ത്തിരുന്നതും അതിനാണ്. അവരുടെ ചര്യകളിലേക്ക് വരാൻ നാം അമാന്തം കാണിച്ചാൽ അങ്ങേയറ്റം കാലു ഷ്യം ബാധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിതം ദുസ്സഹമായിത്തീരും.

''മനോഹരമായ ഒരു രാഷ്ട്രത്തെ സൃഷ്ടിക്കാൻ മൂന്നു പേർക്കേ കഴിയൂ - അച്ഛൻ, അമ്മ, ഗുരു''



# ഗാന്ധിജി

ബീമാ സലിം

ഇന്ത്യ! അതിമഹത്വരമായൊരു രാജ്യം. സംസ്കാരത്തിന്റെയും, സമൃദ്ധിയുടെയും പൂക്കാലം പീലി വിടർത്തിയാടിയ അനേകം പതിറ്റാണ്ടുകൾ. അതിന്റെ നന്മയിലേക്ക് നയിച്ച സമരനേതാക്കൾ, സ്മരണകൾ. എന്നാൽ ഇക്കാലമത്രയും നാം ഉദ്ധരിച്ച ഇന്ത്യയല്ല ഇന്നത്തേത്.

6 പതിറ്റാണ്ടുകൾ, എത്ര മാറ്റങ്ങൾ. വിവര സാങ്കേതിക വിജ്ഞാന വിസ്ഫോടനങ്ങൾ, ശാസ്ത്രവും, ഗണിതവും ഉള്ളം കൈയ്യിലെ കളിപ്പാട്ടങ്ങൾ. ആകാശത്തെ അമ്പിളിമാമൻ തലയ്ക്കുമുകളിൽ. നാം എത്രമാത്രം മാറിയിരിക്കുന്നു.

പാശ്ചാത്യസംസ്കാരം നമ്മളിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്? വിദേശ ശക്തികളെ അനുകരിക്കാനുള്ള പ്രവണത പ്രകടമായത് അവന്റെ വസ്ത്രത്തിലോ ഭാഷയിലോ നിന്നല്ല. പിന്നെയോ? ജീവിതത്തിന്റെ പല മുഖങ്ങളും അണിയാനുള്ള സാഹചര്യം ഒരുക്കികൊടുത്തത് അന്യരാണ് ഇന്ന് നാം ജീവിക്കുന്നോ? അഭിനയിക്കുന്നോ? കുന്നോളം രോഗങ്ങളും അതിനെല്ലാം നൂറിരട്ടി വലിപ്പമുള്ള മൾട്ടിസ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലുകളും . കായലും, കടലും, മലയോര ദൃശ്യങ്ങളും, എന്തിന് ഇടവപ്പാതി മഴ പോലും അക്കര കയറി. ഇങ്ങനെയായിരുന്നില്ല. നാം പരസ്പരം സ്നേഹിച്ചും, ഉത്സവദിവസങ്ങളിൽ അന്യോന്യം സ്നേഹം പങ്കിട്ടും, ഒന്നിച്ചുണ്ടും ഉറങ്ങിയും അങ്ങനെ എത്രയോ നല്ല നാളുകൾ.

സ്വതന്ത്ര്യമായി വിഹായസ്സിൽ പാറിപ്പറക്കുന്ന പൂമ്പാറ്റയെപ്പോലെ. ഇതിനെല്ലാം വ്യക്തതയും അർത്ഥവും പറഞ്ഞു തന്ന ഒരു മഹാനുണ്ടായിരുന്നു. നമ്മുടെ രാഷ്ട്രപിതാവ്. ഗാന്ധിജി.

ഹിംസ വെടിഞ്ഞ് ശത്രുവിനെപോലും മനസ്സു നിറഞ്ഞു സ്നേഹിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യം വെള്ളക്കാരുടെ കയ്യിൽ നിന്നും അഭിമാനത്തോടെ പിടിച്ചു വാങ്ങി നമുക്കു സമ്മാനിച്ച മഹാൻ. അദ്ദേഹം ഒരിക്കലും ഒരു സ്വാതന്ത്ര്യ സമരനേതാവോ, ഭരണാധികാരിയോ ആയിരുന്നില്ല. പിന്നെ? ഒരു രാജ്യത്തിലെ മുഴുവൻ ജനങ്ങളുടെയും ജീവിതത്തിന്റെ സർവ്വമേഖലയിലും ശോഭിക്കാൻ വഴികാട്ടിയായ കെടാ വെളിച്ചം. ജീവിതം കൊണ്ട് മാതൃക കാണിച്ച മഹാൻ.

ജനങ്ങളുടെ പട്ടിണിയും പരിവേഷവും കണ്ട് മേൽമുണ്ടുരിഞ്ഞ മഹാൻ. സാധാരണക്കാരന്റെ ജീവിതം നിറപ്പകിട്ടാക്കാൻ യത്നിച്ചവൻ. മദ്യത്തിന്റെയും ലഹരിയുടെ ലോകത്തിൽ നിന്ന് ഇന്ത്യയെ മോചിപ്പിച്ചവൻ. അങ്ങനെ എത്രയോ ആദർശങ്ങളും, സത്യങ്ങളും പഠിപ്പിച്ചവൻ. അവസാന നിമിഷം വരെ മറ്റുള്ളവർക്കുള്ള പാഠവുമായിരുന്നു. അറിയാൻ, മാതൃകയാക്കാൻ മഹാരാജ്യത്തിന് മഹാപിതാവിന്റെ ഒരു പാഠം. അദ്ദേഹത്തിന്റെ ചിന്തകളും പ്രവൃത്തികളും ഒരേ വഴിയിലൂടെയാണ് മുന്നോട്ടു പോയത്.

എന്നാൽ ഇന്നത്തെ അനവസ്ഥയോ? ഒരു ദിവസത്തെ പത്രം വായിച്ച് തീരുന്നത് ഒരു ഡിറ്റക്ടീവ് നോവൽ വായിച്ചു തീരുന്നതിന്റെ സുഖത്തോടെയാണ്. എത്രമാത്രം അധ:പതിച്ചു നാം. സമൂഹത്തിലെ അഴിഞ്ഞാട്ടങ്ങൾക്കും, അക്രമങ്ങൾക്കും ഉത്തരവാദിയാര്, പിഞ്ചുകുഞ്ഞിനെപ്പോലും അക്രമത്തിനിരയാക്കുന്ന ക്രൂരപിശാചുകൾ. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നു പറഞ്ഞ യേശുക്രിസ്തുവിന്റെ നാട്ടിലും ഇന്ന് സത്യത്തിന് ഒരു വിലയുമില്ല.

എന്താണ് ഗാന്ധിസം? ഖദറുമിട്ട് നഗ്നപാദനായി ഗാന്ധിയനായാൽ ഇക്കാലത്ത് ഒരു പുതുമയാണ്. കാരണം ഗാന്ധിജി ആരായിരുന്നു എന്നോ അദ്ദേഹം എന്തിനുവേണ്ടിയാണ് പ്രവർത്തിച്ചതെന്നോ നാം അറിഞ്ഞിട്ടില്ല. ചുരുക്കത്തിൽ ഇക്കാലത്തിൽ യാതൊരു വിലയും ഗാന്ധിസത്തിന് കൽപ്പിക്കപ്പെടുന്നില്ല.

സ്വയം പര്യാപ്തമായ ഗ്രാമങ്ങളെയാണ് അദ്ദേഹം സ്വപ്നം കണ്ടത്. എന്നാൽ സ്വയംപര്യാപ്തരായ വ്യക്തികളെ നമുക്കു ഇന്ന് കാണാം. വെട്ടാനും കുത്താനും, സ്വയംതീരുമാനം എടുക്കാനും, ആരെയും ധിക്കരിക്കാനും കഴിവുള്ളവർ രാഷ്ട്രീയ നെറികേടുകളും, അധ:പതനങ്ങളും ഇന്നത്തെ സമൂഹത്തിന് പുതുമയല്ല. വിദേശികൾക്കുവേണ്ടി ഭരണം നടത്തുന്ന ഭരണകർത്താക്കളും അഴിമതിയിൽ മുങ്ങിക്കുളിച്ചു നേതാക്കളും ഈ രാജ്യത്തെ എങ്ങോട്ടാണ് നയിക്കുന്നത്? ആ മഹാപിതാവിന്റെ ജന്മസ്ഥലമാണിതെന്ന് പറയുന്നതുപോലും ഇന്ന് ഏറ്റവും വലിയ അപമാനമാണ്.


ഇത്രയധികം അധ:പതിക്കാൻ എന്താണ് കാരണം? ആ പഴയകാലങ്ങളിലെ ഓർമ്മകൾ തിരികെ കൊണ്ടുവന്നാൽ കൂടി, അഴിഞ്ഞാട്ടവും അക്രമവും പത്തിവിടർത്തിയാടുന്ന ഈ സമൂഹത്തിന് അല്പമാശ്വാസമാകും.

വിദേശികളെ ഇന്നാട്ടിൽ നിന്ന് ആട്ടിപായിച്ച മഹാത്മാവിന്റെ പിൻതലമുറക്കാർക്കെന്തുപറ്റി. ഒക്ടോബർ വാരം സേവനത്തിനും, പരിസ്ഥിതി ശുചീകരണത്തിനും ഇറങ്ങിത്തിരിക്കുന്ന നേതാക്കളെ, ആ മഹാത്മാവിന്റെ പിൻതലമുറക്കാരാകാൻ ശ്രമിക്കുക.

എമേർജിങ്ങ് കേരളയും, കൂടംകുളം ആണവനിലയവും ഈ രാജ്യത്തിന്റെ ഓരോ ചിറകുകൾ പൊഴിക്കുകയാണ്. പുതിയൊരു നാളയെ ഉണർത്തിടുവാൻ ഇനിയൊരു മഹാത്മാവ് ഉണർന്നെഴുന്നേൽക്കുമോ എന്നറിയില്ല. പ്രതീക്ഷകളല്ലെ നമ്മെ നയിക്കുന്നത്. നല്ലൊരു നാളേയ്ക്കായ് സ്വപ്നം കാണാം. സത്യവും നീതിയും വിശുദ്ധിയും കളിയാടിയ, സ്വയം പര്യാപ്ത ഗ്രാമവും ജനങ്ങൾക്കു മാതൃകയായ നേതാക്കളും ലഹരി മുക്ത സമൂഹവും, അഹിംസാ സംവാദങ്ങളും, സ്വപ്നം കണ്ട മഹാപിതാവിനെ സ്മരിക്കാം. ഇന്നത്തെ കുട്ടികളാണല്ലോ നാളത്തെ പൗരന്മാർ, ഈ കരങ്ങളിൽ നിന്നാവട്ടെ മാറ്റത്തിന്റെ തുടക്കം.

ജയ് മഹാത്മാ

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION




little
KITEs

**മുസ്‌ലിം ഗേൾസ്**
**ഹയർ സെക്കന്ററി സ്കൂൾ**
**ഈരാറ്റുപേട്ട**